
Vol No.32 No.06 June 2022 കെസിബിസി മീഡിയ Rs.5.00

# വത്തിക്കാൻ തരംഗം



## കേരള കത്തോലിക്കാ മെത്രാൻ സമിതി
## കേരള സഭാനവീകരണം 2022 – 2025

"സഭ : ക്രിസ്തുവിൽ
പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം"

2022 ജൂൺ 5 പന്തക്കുസ്താ മുതൽ
2025 ജൂൺ 8 പന്തക്കുസ്താ വരെ

*ക്രൈസ്തവ കുടുംബങ്ങൾക്ക്*

*ലോകമെമ്പാടുമുള്ള ക്രൈസ്തവ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുന്നു; ദൈനംദിന ജീവിതത്തിൽ നിരുപാധികമായ സ്നേഹം ഉൾക്കൊള്ളുകയും അനുഭവിക്കുകയും വിശുദ്ധിയിൽ കുടുംബങ്ങൾ മുന്നേറുകയും ചെയ്യട്ടെ.*

*– ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ജൂൺ 2022*

EDUOMANIA
OVERSEAS EDUCATION CONSULTANTS

EDUNEXT EXCELLENCE AWARDS 2019
BEST OVERSEAS EDUCATION CONSULTANCY

# JAN 2023
# INTAKE IS OPEN FOR STUDY ABROAD

Scholarship options available

Courses starting from 3 lakhs

## Program Options

- Social Work
- Engineering
- Health
- Business
- IT
- Medical



WITH OR WITHOUT IELTS

**Find More Info:**

+91 9895927770

www.eduomania.com

വത്തിക്കാൻ തരംഗം
VATHICAN THARANGAM
June - 2022
RN. 55 178/94
പുസ്തകം- 32
Monthly
ലക്കം-6

# ഉള്ളടക്കം

- എഡിറ്റോറിയൽ 4
- 'പ്രെദിക്കാത്തെ ഇവഞ്ചേലിയും' സ്പെഷ്യൽ റിപ്പോർട്ട് 5
- ഇതെന്റെ അനുഭവസാക്ഷ്യം 15
- വിശുദ്ധ ദേവസഹായം: തീർത്ഥാടനകേന്ദ്രങ്ങൾ 19
- ലോകത്തിലെ ആദ്യത്തെ ദൈവാലയം 22
- രക്തദാന നേർച്ച 23
- കേരളസഭയിൽ ഇനി നവീകരണ കാലഘട്ടം 25
- സുവിശേഷം ഹൃദയങ്ങളിലേക്ക് കടത്തിവിടുന്ന ശക്തി 28
- ക്രിസ്തുവിൽ നാം തുല്യരാണ് 30
- ഗുരുസ്മരണ 33
- ഗൾഫിലെ സഭ 34
- ശതാബ്ദി നിറവിൽ 36
- മലബാറിന്റെ ഹൃദയ വയലുകളിൽ 39
- വത്തിക്കാൻ വാർത്തകൾ 40
- വാർത്തയും ചിന്തയും 42

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി
*ഗസ്റ്റ് എഡിറ്റർമാർ* • ഫാ. ഡി. ഷാജ്കുമാർ, ഫാ. സാൻജോസ് അനിൽ

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



# കേരളസഭയുടെ നവീകരണം ലക്ഷ്യമാക്കുമ്പോൾ

**EDITORIAL**

കേരള കത്തോലിക്കാ സഭയിൽ മൂന്നുവർഷം നീളുന്ന നവീകരണ യജ്ഞം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞു. കോവിഡിനുശേഷമുള്ള അതിസങ്കീർണ്ണമായ സാമൂഹിക ജീവിത പ്രതിസന്ധികൾക്കു നടുവിൽ സഭാ നവീകരണം ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്ന 12 മേഖലകളും നമ്മുടെ വിശ്വാസ ജീവിതത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം, പ്രാർത്ഥനാ ജീവിതം, വിശ്വാസ പരിശീലനം, അനുരഞ്ജന മേഖലകൾ, ദരിദ്രരുടെ സഭ, പ്രേഷിത മാനസാന്തരം, വൈദിക-സന്ന്യസ്ത പ്രേഷിതത്വം, കുടുംബ പ്രേഷിത ശുശ്രൂഷ, അല്മായ പ്രേഷിതത്വവും പങ്കാളിത്തവും, യുവജന ശുശ്രൂഷ, പരിസ്ഥിതിപരമായ മാനസാന്തരം, സംവാദത്തിന്റെ മേഖലകൾ എന്നിങ്ങനെ കേരളസഭ ശ്രദ്ധ പതിപ്പിക്കേണ്ട തലങ്ങളിലേക്ക് തികച്ചും പ്രായോഗികമായ കർമപദ്ധതികൾ നിരവധി കൂടിയാലോചനകളുടേയും പരിചിന്തനത്തിന്റേയും ഫലമായി രൂപപ്പെട്ടിട്ടുണ്ട്.

വ്യക്തിപരവും കുടുംബപരവും സമൂഹപരവുമായ പശ്ചാത്തലത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നന്മയുടെയും നാമ്പുകൾക്ക് വളരാൻ എന്നും സഭ നിലമൊരുക്കാറുണ്ട്. കോവിഡിനുശേഷം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പ്രസിദ്ധമായ സമാധാന പ്രാർത്ഥനയിലെ ഏഴ് തലങ്ങൾ ഈ സന്ദർഭത്തിൽ ധ്യാനിക്കാവുന്നതാണ്. സമാധാനത്തിന്റെ ഉപകരണം, വിദ്വേഷമുള്ളിടത്ത് സ്നേഹം, ദ്രോഹമുള്ളിടത്ത് ക്ഷമ, സന്ദേഹമുള്ളിടത്ത് വിശ്വാസം, അന്ധകാരമുള്ളിടത്ത് വെളിച്ചം, നിരാശയുള്ളിടത്ത് പ്രത്യാശ, ദുഃഖമുള്ളിടത്ത് സന്തോഷം എന്നീ വിശുദ്ധന്റെ പ്രാർത്ഥനയിലെ ആമുഖഭാഗം ക്രിസ്തീയ ജീവിതത്തെ നവീകരിക്കാൻ ഒരുങ്ങുമ്പോൾ നമുക്ക് മനഃപാഠമാക്കാവുന്നതാണ്. ഈ ലക്കത്തിൽ രണ്ട് സ്പെഷ്യൽ ഫീച്ചറുകൾ ഉണ്ട്. വിശുദ്ധ ദേവസഹായത്തെക്കുറിച്ചും കോഴിക്കോട് രൂപതയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനത്തെക്കുറിച്ചും. ഈ ഫീച്ചറുകൾ തയ്യാറാക്കാനായി ഫാ. ഷാജ് കുമാർ (നെയ്യാറ്റിൻകര രൂപത) ഫാ. സാൻജോസ് അനിൽ (കോഴിക്കോട് രൂപത) എന്നീ വൈദികപ്രമുഖരെ ഗസ്റ്റ് എഡിറ്റർമാരായി പത്രാധിപ സമിതി നിയോഗിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഷാജ് അച്ചനും, സാൻജോസ് അനിൽ അച്ചനും പ്രത്യേകം നന്ദി



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# റോമൻ കൂരിയയ്ക്ക് കാലാനുസൃത രൂപവും ഭാവവും യാഥാർത്ഥ്യമാക്കി 'പ്രെദിക്കാത്തെ ഇവഞ്ചേലിയും'

**ബാബു കദളിക്കാട്**



വത്തിക്കാൻ സിറ്റി: കത്തോലിക്കാ സഭയിൽ സുവിശേഷ പ്രഘോഷണം അൽമായരുടെയും ഉത്തരവാദിത്തമാക്കുന്നതായി പ്രഖ്യാപിക്കുന്ന അപ്പസ്തോലിക രേഖ 'പ്രെദിക്കാത്തെ ഇവഞ്ചേലിയും' നിലവിൽ വന്നു. സഭയിൽ നിർണ്ണായക മാറ്റങ്ങൾക്കു തുടക്കമിടുന്ന ഭരണരേഖയാണ് സഭയുടെ ജന്മദിനമായ പന്തക്കുസ്ത ദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ സജീവമാക്കിയത്. മാമ്മോദീസ സ്വീകരിച്ച എല്ലാ കത്തോലിക്കർക്കും ഭരണ വകുപ്പുകളുടെ നേതൃസ്ഥാനത്തിന് അവകാശം നൽകുന്നതിലൂടെ സഭാ ഭരണത്തിൽ വനിതകൾ ഉൾപ്പെടെ എല്ലാവരുടെയും പങ്കാളിത്തം യാഥാർഥ്യമാക്കുന്ന നവീന ഭരണഘടനയാണിത്.

മിഷനറി ദൗത്യത്തിന് വർദ്ധിത പ്രാധാന്യവും രൂപതകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും ലഭി

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*



വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

ക്കാനുതകുന്നതാണ് ഫ്രാൻസിസ് മാർപാപ്പ സ്ഥാനമേറ്റതിന്റെ ഒൻപതാം വാർഷിക ദിനമായിരുന്ന കഴിഞ്ഞ മാർച്ച് 19 നു പ്രസിദ്ധീകൃതമായ 'സുവിശേഷം പ്രഘോഷിക്കുക' (പ്രെദിക്കാത്തെ ഇവഞ്ചേലിയും) എന്ന ശീർഷകത്തിലുള്ള റോമൻ കൂരിയയുടെ പുതിയ ഭരണഘടന. സഭാ ഘടനകളിലെ വൈദികതയെ കാലാനുസൃതമായി അഭിസംബോധന ചെയ്യുന്നു നവീന ഭരണഘടനയെന്ന അഭിപ്രായം സഭാ നിരീക്ഷകർ വ്യാപകമായി പങ്കുവയ്ക്കുന്നു.

റോമൻ കൂരിയയുടെ ഭരണഘടനാ പരിഷ്കരണം അത്ര സാധാരണമല്ല. 1588–ൽ സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പ നടത്തിയ ഭേദഗതികൾക്കു ശേഷം യാഥാർത്ഥ്യമായ നാലാമത്തേതാണ് 54 പേജുള്ള 'പ്രെദിക്കാത്തെ ഇവഞ്ചേലിയും'.സ്ഥാനമേറ്റയുടൻ ഫ്രാൻസിസ് മാർപാപ്പ ഏറ്റെടുത്ത സുപ്രധാന ദൗത്യമായിരുന്നു റോമൻ കൂരിയായുടെ പരിഷ്കരണം. കഴിഞ്ഞ ഒമ്പതു വർഷമായി അതിനാവശ്യമായ കൂടിയാലോചനകളും നടപടികളും നടന്നു വരികയായിരുന്നു. 2018 ലാണു ഈ അപ്പസ്തോലികരേഖയുടെ കരട് തയ്യാറായത്. ഇതിന് അനുസരിച്ചുള്ള പല പരിഷ്കരണനടപടികളും പലപ്പോഴായി മാർപാപ്പ നടപ്പിൽ വരുത്തുന്നുണ്ടായിരുന്നു. വിവിധ കാര്യാലയങ്ങളെ പരസ്പരം ലയിപ്പിച്ചത് ഇതിനുദാഹരണമാണ്.

വിവിധ വിഷയങ്ങൾക്കായുള്ള വത്തിക്കാൻ സമിതികളുടെ (ഡികാസ്റ്ററി) മേധാവികളാകാൻ ഏതു വിശ്വാസിക്കും സാധിക്കുമെന്നതു തന്നെയാണ് പരിഷ്കരണത്തിന്റെ സുപ്രധാന ഘടകം. സുവിശേഷവത്കരണത്തിന് കൂടുതൽ ഊന്നലേകുന്ന രേഖ, രൂപതകൾക്കു കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം നൽകുന്നു. 16 ഡികാസ്റ്ററികളാണ് ഉണ്ടായിരിക്കുക. സുവിശേഷവത്കരണം, വിശ്വാസ പ്രബോധനം, ഉപവി സേവനം, പൗരസ്ത്യസഭകൾ, ദൈവികാരാധനയും കൂദാശക്രമവും, വിശുദ്ധരുടെ നാമകരണം, മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അത്മായരും കുടുംബവും മനുഷ്യജീവനും, ക്രൈസ്തവൈക്യപ്രോത്സാഹനം, മതാന്തരസംഭാഷണം, സംസ്കാരവും വിദ്യാഭ്യാസവും, സമഗ്ര മനുഷ്യവികസനം, നിയമപാഠങ്ങൾ, ആശയവിനിമയം എന്നിവ.

കോൺഗ്രിഗേഷൻ, പൊന്തിഫിക്കൽ കൗൺസിൽ തുടങ്ങി അധികാരവ്യത്യാസം സൂചിപ്പിക്കുന്ന പേരുകൾ നീക്കുകയും ഇവയെയെല്ലാം ഡികാസ്റ്ററി എന്ന ഒരേ പേരിലേക്കു മാറ്റുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് സെക്രട്ടേറിയറ്റും ഡികാസ്റ്ററികളും മറ്റു സമിതികളും ചേരുന്നതായിരിക്കും ഇനി മുതൽ റോമൻ കൂരിയ. ഇവയെല്ലാം തുല്യപദവിയുള്ളതായിരിക്കും. എങ്കിലും, സുവിശേഷവത്കരണ സമിതിക്കാണു കൂടുതൽ പ്രാധാന്യം കൽപിക്കുന്നതെന്നു വ്യക്തമാണ്. കാരണം, ഇതിന്റെ മേധാവി മാർപാപ്പ തന്നെയായിരിക്കും. പാപ്പായ്ക്കു കീഴിൽ സുവിശേഷവത്കരണത്തിനും നവ സുവിശേഷവത്കരണത്തിനുമായി രണ്ടു സഹമേധാവികളായിരിക്കും സമിതിക്കുണ്ടായിരിക്കുക.

ബാല ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യാൻ രൂപീകരിച്ചിരുന്ന പൊന്തിഫിക്കൽ കമ്മീഷനെ സുപ്രധാനമായ വിശ്വാസ സമിതിയുടെ ഭാഗമാക്കിയിരിക്കുന്നു. ഈ വിഷയത്തിനു സഭ നൽകുന്ന വലിയ പ്രാധാന്യത്തെ ഇതു സൂചിപ്പിക്കുന്നു. റോമൻ കൂരിയയിൽ ജോലി ചെയ്യുന്ന വൈദികരുടെയും സന്യസ്തരുടെയും കാലാവധി അഞ്ചു വർഷമായിരിക്കും. ആവശ്യമെങ്കിൽ അഞ്ചു വർഷം കൂടി ദീർഘിപ്പിക്കാം. അതു കഴിഞ്ഞാൽ അവർ സ്വന്തം രൂപതകളിലേക്കോ സന്യാസ സമൂഹങ്ങളിലേക്കോ മടങ്ങിപ്പോകണം.

# വിശുദ്ധനാട്ടിലേക്ക് തിരുവചന വഴിയേ സഞ്ചരിക്കാം, പ്രാർത്ഥിക്കാം

**55 തവണ വിശുദ്ധ നാട്ടിലേക്ക്**
**തീർത്ഥാടക സംഘത്തെ നയിച്ച**

**ഫാ. ജോസഫ് കാപ്പിലിനോടൊപ്പമുള്ള**



## വിശുദ്ധ നാട്ടിലേക്കുള്ള തീർത്ഥയാത്ര

**2022 സെപ്തംബർ 19ന് പുറപ്പെടുന്നു**

***ഈ തീർത്ഥയാത്രയുടെ സവിശേഷതകൾ:***

- ഇസ്രയേൽ, പലസ്തീന, ഈജിപ്ത്, ജോർദ്ദാൻ എന്നീ ബൈബിൾ നാടുകൾ സന്ദർശിക്കുന്നു.
- പഴയനിയമത്തിലെ പുണ്യസ്ഥലങ്ങളോടൊപ്പം യേശുവിന്റെ ജീവിത പശ്ചാത്തലം വിവരിച്ചുകൊണ്ടുള്ള 10 ദിവസം നീളുന്ന തീർത്ഥയാത്രയാ ണിത്.
- മലബാർ പ്രദേശങ്ങളിൽ നിന്നുള്ളവരെ വിശുദ്ധനാടിനെ പരിചയപ്പെടുത്തിയ ഫാ.ജോസഫ് കാപ്പിൽ ഈ യാത്രയിലുടനീളം ദിവ്യബലിയർപ്പിച്ചും ധ്യാനിച്ചും പ്രാർത്ഥിച്ചും തീർത്ഥാടകരോടൊപ്പമു ണ്ടാകും.
- ഈശോ രക്തം വിയർത്ത് പ്രാർത്ഥിച്ച ഗെത്സെമൺ തോട്ടത്തിൽ 1 മണിക്കൂർ ആരാധന, ഈശോ കുരിശുമായി നീങ്ങിയ ഗാഗുൽത്തയിലേക്ക് കുരിശിന്റെ വഴി... ഈ തീർത്ഥയാത്ര നിങ്ങളുടെ ആത്മീയജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കും.

***ഇതൊരു വിനോദയാത്രയല്ല. ദൈവപുത്രന്റെ കാൽപ്പാടുകൾ പതിഞ്ഞ മൺതരികളെ ആത്മീയമായി പുൽകാനുള്ള തീർത്ഥയാത്രയാണ്.***

***യാത്ര പുറപ്പെടും മുമ്പ് തീർത്ഥാടകസംഘത്തിനായി പ്രത്യേകം ഒരുക്ക ക്ലാസ്***

ഈ തീർത്ഥയാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

**Kandirickal Travels**
Thodupuzha
mob : 9446042314
9497192314
984714778

**Fr. Joseph Kappil**
(Group Leader and Guide)
mob : 9446501944
7558861944

ജോൺ പോൾ രണ്ടാമൻ മാർപാപ്പ അംഗീകരിച്ച 1988 ലെ ഭരണഘടന നിർദ്ദേശിച്ചിട്ടുള്ളത് വകുപ്പുകളുടെ മേധാവി കർദിനാൾ അല്ലെങ്കിൽ ബിഷപ്പുമാർ ആയിരിക്കണമെന്നാണ്. ഒരു സെക്രട്ടറി, വിദഗ്ധർ, അഡ്മിനിസ്ട്രേറ്റർമാർ എന്നിവരാകണം സഹായികൾ. മാർപാപ്പ, ബിഷപ്പുമാർ, മറ്റ് നിയുക്ത ശുശ്രൂഷകർ എന്നിവർക്ക് പുറമേ അത്മായർക്കും ഭരണ പങ്കാളിത്തമുണ്ടാവണമെന്ന് പുതിയ ഭരണഘടനയുടെ ആമുഖം പറയുന്നു.സുവിശേഷവൽക്കരണ പ്രവർത്തനത്തിൽ പ്രാദേശിക സഭകൾക്കു കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് റോമൻ കൂരിയയുടെ പ്രേഷിതഘടന പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് പുതിയ അപ്പസ്തോലിക ഭരണഘടന.

വിശ്വാസികളിലെ ഏതൊരാൾക്കും കൂരിയയിലെ വകുപ്പ് അല്ലെങ്കിൽ സംഘടനകളുടെ ചുമതലയേൽപ്പിക്കുന്നതിനായി മാർപ്പാപ്പയ്ക്ക് തീരുമാനിക്കുകയും അവരെ നിയമിക്കുകയും ചെയ്യാമെന്ന് പുതിയ ഭരണഘടനാ തത്ത്വങ്ങളിൽ പ്രത്യേകം പറയുന്നു. വത്തിക്കാനിലെ സാമ്പത്തിക വകുപ്പിന്റെ തലപ്പത്തേക്ക് വനിതയെ ഷോർട്ട്ലിസ്റ്റ് ചെയ്ത കാര്യം 2018ൽ റോയിട്ടേഴ്സിന് നൽകിയ അഭിമുഖത്തിൽ മാർപാപ്പ വെളിപ്പെടുത്തിയിരുന്നു. വ്യക്തിപരമായ കാരണങ്ങളാലാണ് അവർക്ക് ഉദ്യാഗത്തിൽ പ്രവേശിക്കാൻ കഴിയാതിരുന്നത്.

കഴിഞ്ഞ വർഷം വത്തിക്കാൻ സിറ്റിയുടെ ഗവർണർ പദവിയിലേക്ക് സിസ്റ്റർ റാഫെല്ല പെടിനിയെ തെരഞ്ഞെടുത്തിരുന്നു. കഴിഞ്ഞ വർഷംതന്നെ ഇറ്റാലിയൻ കന്യാസ്ത്രീയായ സിസ്റ്റർ അലസാന്ദ്ര സ്മെറില്ലിയെ നീതി, സമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന വത്തിക്കാൻ വികസന കാര്യാലയത്തിന്റെ ഇടക്കാല സെക്രട്ടറിയായും നിയമിച്ചു. കൂടാതെ, ബിഷപ്സ് സിനഡിന്റെ സഹ–അണ്ടർ സെക്രട്ടറിയായി സേവിയർ മിഷനറി സിസ്റ്റേഴ്സിലെ ഫ്രഞ്ച് അംഗമായ സിസ്റ്റർ നതാലി ബെക്വാർട്ടിനെ മാർപാപ്പ തെരഞ്ഞെടുത്തിരുന്നു.

1988 ജൂൺ 28–ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചതും 1989 മാർച്ച് 1 മുതൽ പ്രാബല്യത്തിൽ വന്നതുമായ 'പാസ്റ്റർ ബോണസിന്' പകരമായാണ് 250 അധ്യായങ്ങൾ ഉൾക്കൊള്ളുന്ന 'പ്രെദിക്കാത്തെ ഇവഞ്ചേലിയും' എന്ന പുതിയ ഭരണഘടന നിലവിൽ വരുന്നത്.
ഫ്രാൻസിസ് മാർപാപ്പയുടെ മാർഗ്ഗനിർദ്ദേശത്തിൽ 2013–ലെ പ്രീ–കോൺക്ലേവ് മീറ്റിംഗുകളിൽ നിന്ന് സൂചനകൾ എടുത്ത് ലോകമെമ്പാടുമുള്ള പ്രാദേശിക സഭകളിൽ നിന്നുള്ള സംഭാവനകളോടെ 2013 ഒക്ടോബർ മുതൽ കഴിഞ്ഞ ഫെബ്രുവരി വരെ നടന്ന യോഗങ്ങളിൽ കർദിനാൾമാർ ഉൾപ്പെട്ട സംഘങ്ങളുടെ നീണ്ട പ്രവർത്തനത്തിന്റെ ഫലമായാണ് കത്തോലിക്കാ സഭയുടെ കേന്ദ്ര ഭരണസംവിധാനത്തിൽ കാതലായ മാറ്റങ്ങൾക്കിടയാക്കുന്ന ഈ രേഖ രൂപം പ്രാപിച്ചത്.സ്റ്റേറ്റ് സെക്രട്ടേറിയറ്റ്, ഡികാസ്റ്ററികൾ, ഓഫീസുകൾ എന്നിവ ചേർന്നതാണ് കൂരിയ എന്നും അവയെല്ലാം നിയമപരമായി തുല്യമാണെന്നും പുതിയ ഭരണഘടന ഊന്നിപ്പറയുന്നു.

കത്തോലിക്കാ വിദ്യാഭ്യാസത്തിനായുള്ള വത്തിക്കാൻ  തിരുസംഘവും, സാംസ്കാരികതയ്ക്കുള്ള പൊന്തിഫിക്കൽ കൗൺസിലും സംയോജിപ്പിച്ചതോടെയാണ് സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമുള്ള പുതിയ ഡികാസ്റ്ററി രൂപം കൊണ്ടത്.അപ്പസ്തോലിക ഭരണഘടന പ്രകാരം സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമുള്ള ഡികാസ്റ്ററി ' ക്രൈസ്തവ നരവംശശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നവരിൽ മാനുഷിക മൂല്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്രവർത്തിക്കുകയും  യേശുക്രിസ്തുവിനെ പിന്തുടരുന്നതിലുള്ള സമ്പൂർണ്ണ സാക്ഷാത്കാരത്തിന് വേണ്ട സംഭാവന ചെയ്യുകയും ചെയ്യുന്നു.ഈ ഡികാസ്റ്ററി 'സംസ്കാരത്തിന്റെ

പ്രോൽസാഹനത്തിനും, അജപാലനത്തിന് ഉണർവ്വേകുന്നതിനും, സാംസ്കാരിക പൈതൃകത്തിന്റെ ഉന്നമനത്തിനും വേണ്ടിയുള്ള സാംസ്കാരിക വിഭാഗമായാണ് രൂപം കൊടുത്തിരിക്കുന്നത്" എന്ന് ഭരണഘടന വ്യക്തമാക്കുന്നു.

വിദ്യാലയങ്ങൾ, ഉന്നത വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനുമായുള്ള കത്തോലിക്കാ സഭാ സ്ഥാപനങ്ങൾ എന്നിവയിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള വിദ്യാഭ്യാസത്തിനായുള്ള വിഭാഗം, ഈ വിഷയങ്ങളിൽ ശ്രേണീപരമായ അപ്പീലുകൾക്കുള്ള അധികാരമുള്ള വിഭാഗമാണ്.

വിശുദ്ധരുടെ നാമകരണത്തിനായുള്ള കോൺഗ്രിഗേഷന്റെ പ്രീഫെക്റ്റ് കർദിനാൾ മാർസെല്ലോ സെമെരാരോ, കർദിനാൾ തിരുസംഘത്തിന്റെ സെക്രട്ടറി ബിഷപ് മാർക്കോ മെല്ലിനോ, കാനോനിക നിയമ പണ്ഡിതനും പൊന്തിഫിക്കൽ ഗ്രിഗോറിയൻ സർവകലാശാലയിലെ എമരിറ്റസ് പ്രൊഫസറുമായ ഈശോ സഭാംഗം ഫാ. ജിയാൻ ഫ്രാങ്കോ ഗിർലാൻഡ എന്നിവർ ചേർന്നാണ് മാർച്ച് 21–ന് വത്തിക്കാൻ കാര്യാലയത്തിലെ പ്രസ് ഓഫീസിൽ പ്രെദിക്കാതെ ഇവഞ്ചേലിയും മാധ്യമങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചത്.

**ദരിദ്രർക്കും പാർശ്വവൽക്കൃത**
**സമൂഹത്തിനുമായുള്ള ഉപവി**

പാപ്പായുടെ ഉപവി പ്രവർത്തനത്തിനായുള്ള കാര്യാലയം പ്രതിനിധീകരിക്കുന്ന ഉപവി സേവന ഡികാസ്റ്ററിക്ക് റോമൻ കൂരിയയിൽ സുപ്രധാന സ്ഥാനം നൽകിയിരിക്കുന്നു. അപ്പസ്തോലിക ഭരണഘടനയിലെ ക്രമം ഇപ്രകാരമാണ്: സുവിശേഷവൽക്കരണത്തിനായ ഡികാസ്റ്ററി, വിശ്വാസ പ്രബോധനത്തിനായുള്ള ഡികാസ്റ്ററി, ഉപവി സേവനത്തിനായുള്ള ഡികാസ്റ്ററി. പ്രായപൂർത്തിയാകാത്തവരുടെ സംരക്ഷണത്തിനായുള്ള കമ്മീഷൻ വിശ്വാസ പ്രബോധനത്തിനായുള്ള ഡികാസ്റ്ററിയുടെ ഭാഗമായിരിക്കും ഇനി. എന്നാൽ ആ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് അതിന്റേതായ മാനദണ്ഡങ്ങളും സ്വന്തം അദ്ധ്യക്ഷനും സെക്രട്ടറിയും ഉള്ളത് തുടരും.

പ്രമാണത്തിന്റെ അടിസ്ഥാന ഭാഗം പൊതുവായ തത്ത്വങ്ങളെ പരിഗണിക്കുന്നതാണ്. ഓരോ ക്രൈസ്തവനും ഒരു മിഷനറി ശിഷ്യനാണെന്ന് ആമുഖം അനുസ്മരിക്കുന്നു. 'ഓരോ ക്രൈസ്തവനും, മാമോദീസയുടെ കൃപയാൽ, ദൈവത്തിന്റെ സ്നേഹം യേശുക്രിസ്തുവിൽ കണ്ടുമുട്ടിയിടത്തോളം ഒരു പ്രേഷിത ശിഷ്യനാണ്. ' അതിനാൽ കൂരിയയുടെ നവീകരണത്തിൽ അതിന്റെ ഭരണത്തിലും ഉത്തരവാദിത്വത്തിലും അൽമായരേയും സ്ത്രീകളേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാതിരിക്കാൻ കഴിയില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

റോമായുടെ മെത്രാന്റെയും അതിനാൽ സാർവ്വത്രിക സഭയുടേയും എപ്പിസ്കോപ്പേറ്റുകളുടേയും പ്രാദേശിക സഭകളുടേയും സേവനത്തിനുള്ള ഉപകരണമാണ് കൂരിയ എന്ന് ഭരണഘടന അടിവരയിടുന്നു. മറ്റൊരു പുതുമ കൂരിയയുടെ ആത്മീയതയെ സംബന്ധിച്ചാണ്: റോമൻ കൂരിയയിലെ അംഗങ്ങളും മിഷനറി ശിഷ്യരാണ് എന്ന് പ്രത്യേകം ഊന്നൽ നൽകുന്നു. സിനഡാലിറ്റിക്കും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് റോമൻ കൂരിയയുടെ പ്രവർത്തന രീതിയുടെ സാധാരണ രീതി അതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അത് ഇനിയും കൂടുതൽ വികസിപ്പിക്കേണ്ടതുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്.
പുതിയ അപ്പസ്തോലിക ഭരണഘടന പ്രാബല്യത്തിൽ വന്നതോടെ പരിശുദ്ധ സിംഹാ



# യൂറോപ്പ്, ഗൾഫ് വിദേശരാജ്യങ്ങളിൽ
## തൊഴിൽ എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ...
# വിദേശ തൊഴിൽ
## പരിശീലനം

## NCVET GOVT. ITI COURSES

**2 YEAR COURSES**

- DRAUGHTSMAN (CIVIL) TRADE
- ELECTRICIAN TRADE
- FITTER TRADE
- ELECTRONIC MECHANIC TRADE
- MECHANIC MOTROR VEHICLE TRADE
- REFRIGERATION & A/C MECHANIC TRADE


**1 YEAR COURSE**

- WELDING TRADE

## ATP ADVANCED TRAINING PROGRAMMES

**SSLC, PLUS TWO (ഒരു വർഷം)**
**BTech, Diploma, ITI (3 മാസം)**

- ADVANCED WELDING
- ROBOTIC WELDING
- PIPING & STRUCTURAL ENGG.
- INDUSTRIAL ELECTRICAL ENGG.
- INSTRUMENTATION
- HEATING, VENTILATION, A/C & REFRIGERATION
- ADVANCED AUTOMOTIVE FACILITY
- SAND BLASTING & AIRLESS SPRAY PAINTING




LFEI ESTD 1965

**Little Flower Engineering Institute**
bsi ISO 90001 : 2015 Certified BRITISH STANDARDS INSTITUTION
South Kalamassery, Kochi - 682 022

Contact: 0484 2541206. 9074405811, 9778914284

www.littleflower.ac.in
littleflowerengg@gmail.com

സനത്തിന്റെ ഔദ്യോഗിക സമൂഹത്തിന്റെ ക്രമീകരണങ്ങൾ വത്തിക്കാൻ രാജ്യത്തിന്റെ ഔദ്യോഗിക കാര്യാലയത്തിൽ നിന്ന് സാമ്പത്തിക കാര്യാലയത്തിലേക്ക് മാറ്റി. പരിഷ്കരണ നടപടികളുടെ ഭാഗമായി മാർപ്പാപ്പാ പരിശുദ്ധ സിംഹാസനത്തിന്റെ നിക്ഷേപക സമിതിക്കും രൂപം നല്കി. റോമൻ കൂരിയായുടെ ഭരണഘടനയുടെ 227 ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ സഭയുടെ സാമൂഹ്യ പ്രബോധനമനുസരിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ മുതൽ മുടക്കിന്റെ ധാർമ്മികത ഉറപ്പുവരുത്തുകയും ഒപ്പം അവയുടെ ലാഭക്ഷമത, അനുയോജ്യത, അപകടസാദ്ധ്യത എന്നിവയെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കുകയും ചെയ്യുകയെന്ന ഉത്തരവാദിത്തം ഈ സമിതിയിൽ നിക്ഷിപ്തമാണ്.

റോമൻ കൂരിയയിൽ അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടിയുള്ള വിഭാഗത്തിന്റെ തലവനായ കർദ്ദിനാൾ കെവിൻ ജോസഫ് ഫാരെലിനെയാണ് ഫ്രാൻസീസ് പാപ്പാ ഈ സമിതിയുടെ അദ്ധ്യക്ഷനായി നിശ്ചയിച്ചിരിക്കുന്നത്.ബ്രിട്ടനിലെ റെഗ് ഹെഡ്ജ് കമ്പനിയുടെ സ്ഥാപകൻ ഡോക്ടർ ഷാൺ പീയെർ കാസീ , ജർമ്മനിയിലെ യൂണിയൻ ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ഫണ്ടസ് ജി എം ബി എച്ച് മേധാവി ഡോക്ടർ ജൊവാന്നി ക്രിസ്റ്റ്യൻ മൈക്കിൾ ഗെ , നോർവെയിലെ സ്കാജെൻ ഫണ്ട്സ് പോർട്ട്ഫോളിയൊ മാനേജർ ഡോക്ടർ ഡേവിഡ് ഹാരിസ്, അമേരിക്കയിലെ നിക്ഷേപക വിദഗ്ധൻ ഡോ. ജോൺ സോണ എന്നിവരാണ് നിക്ഷേപക സമിതിയിലെ അംഗങ്ങൾ.

പ്രെദിക്കാത്തെ ഇവഞ്ചേലിയും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക കാര്യാലയത്തിന്റെ അദ്ധ്യക്ഷനായ ഫാ. ഹുവാൻ അന്തോണിയോ ഗ്വെരേരോ ആൽവെസ് ഉദ്യോഗസ്ഥ സമൂഹത്തിന്റെ ക്രമീകരണത്തിൽ വരുന്ന മാറ്റങ്ങൾ വിശദീകരിച്ചുകൊണ്ടും പുതിയ മനുഷ്യവിഭവ ഡയറക്ടറേറ്റിന്റെ സ്ഥാപനത്തെക്കുറിച്ചും ഡികാസ്റ്ററിയുടെ തലവന്മാർക്ക് കത്തെഴുതി. പുതിയ ഡയറക്ടറേറ്റിന്റെ ഉത്തരവാദിത്വങ്ങളെയും കടമകളെയും കുറിച്ച് കത്തിൽ വിശദീകരിച്ചിട്ടുണ്ട് ഫാ. ഗ്വെരേരോ.

വ്യക്തിഗതമായ ആസൂത്രണത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും പ്രാധാന്യമാണ് ഫാ. ഗ്വെരേരോ ആദ്യമായി എടുത്തു പറഞ്ഞത്. സാമ്പത്തികമായി സുസ്ഥിരവും തുല്യവുമായ ഒരു സംവിധാനത്തിൽ ഓരോ ഡികാസ്റ്ററിയിലും ആവശ്യമായ ഔദ്യോഗിക ക്ഷമതയും കാര്യശേഷിയുമുള്ള ജീവനക്കാർ ഉണ്ടെന്ന് ഉറപ്പാക്കുക് പ്രാഥമിക ലക്ഷ്യമാണ്. പ്രൊഫഷണലിസത്തിനും വർദ്ധിച്ച ചലനാത്മകതയ്ക്കും അഭിമാനകരമായ സ്ഥാനം നൽകണമെന്ന് കൂട്ടി ചേർത്ത അദ്ദേഹം, പരിശുദ്ധ സിംഹാസനത്തിനു വേണ്ടി ജോലി ചെയ്യുന്നതിന്റെ അർത്ഥമെന്തെന്ന് അറിയാവുന്ന ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യവും പരിശുദ്ധ സിംഹാസനത്തിനുണ്ടെന്ന് അടിവരയിട്ടു.

ഇപ്പോഴുള്ള ജോലിക്കാരുടെ നിലവിലുള്ള രൂപീകരണം മെച്ചപ്പെടുത്താൻ പുതിയ ഡയറക്ടറേറ്റ് പരിശ്രമിക്കും. പരിശുദ്ധ സിംഹാസനത്തിന്റെ വിവിധ കാര്യാലയങ്ങളിലുള്ള ജീവനക്കാരെ പരിശീലന പരിപാടികളിലൂടെ ആന്തരിക ചലനാത്മകത പ്രോൽസാഹിപ്പിച്ചുകൊണ്ട് അവരുടെ ഔദ്യോഗിക ജീവിത പാതയിൽ അധിക നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനു സഹായിക്കും. ഓരോ ജീവനക്കാരന്റെയും ജോലിയെ വസ്തുനിഷ്ഠമായി വിലയിരുത്താനുള്ള ഒരു സംവിധാനം സൃഷ്ടിക്കാൻ ഫാ. ഗ്വെരേരോ നിർദ്ദേശിച്ചു. നിയമങ്ങളുടേയും വ്യവസ്ഥകളുടേയും ശരിയായ പ്രയോഗം പരിശോധിക്കാനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കാനാകുമെന്ന് സാമ്പത്തിക കാര്യാലയം പ്രതീക്ഷിക്കുന്നു.

കത്തിലെ മറ്റൊരു പ്രധാന ഭാഗം പരിശുദ്ധ സിംഹാസനത്തിലെ തൊഴിൽ സംവിധാനത്തിൽ പുതിയതായി കൊണ്ടുവരുന്ന ശമ്പള ഘടനയ്ക്കും പ്രോൽസാഹന നടപടികൾക്കുമായി നീക്കിവച്ചിരിക്കുന്നു. ജീവനക്കാർക്ക് പ്രചോദനം നൽകാൻ പരിശുദ്ധ സിംഹാസനം യോഗ്യത അധിഷ്ഠിതമായ വേതന സമ്പ്രദായം നടപ്പിലാക്കുന്നത് പരിഗണിക്കും. നിശ്ചിത ശമ്പള വർദ്ധനയോടൊപ്പം വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് കൂടുതൽ പ്രതിഫലം നൽകുകയും ചെയ്യും.

പരിശുദ്ധ സിംഹാസനത്തിലെ തൊഴിൽ അന്തരീക്ഷം ആരോഗ്യകരമായി പരിപാലിക്കേണ്ടതിന്റെ പ്രാധാന്യം ഫാ. ഗ്വെരേരോ ഉയർത്തിക്കാണിച്ചു. പുതിയ ഡയറക്ടറേറ്റ് ജീവനക്കാർ തമ്മിലുള്ള കൂട്ടായ്മയും പരിശുദ്ധ സിംഹാസനത്തിന്റെയും സഭയുടെയും ദൗത്യത്തിലുള്ള പങ്കു ചേരലും വളർത്താൻ ശ്രമങ്ങൾ നടത്തും. അത് അഭ്യന്തര ആശയ വിനിമയം വഴിയും, കൂടിക്കാഴ്ചകളിലൂടെയും, സേവനങ്ങൾ പങ്കിടുന്നതിലൂടെയും, സാധാരണ ജോലി സമയത്തിനു പുറത്തുള്ള ആത്മീയ വളർച്ചയിലൂടെയും സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ ഒരു പ്രക്രിയയ്ക്ക് സമയമാവശ്യമാണ്; എങ്കിലും പടിപടിയായി ഇതു നടപ്പിലാക്കുന്നതിന് എല്ലാവരുടെയും സഹകരണം ഫാ. ഗ്വെരേരോ അഭ്യർത്ഥിച്ചു.



# LEARN FILM MAKING



ADMISSION OPEN

FILM DIRECTION | CINEMATOGRAPHY | FILM EDITING
AUDIO ENGINEERING | SCREENPLAY WRITING | ACTING

# LEARN HOSPITALITY



ADMISSION OPEN

DUAL CERTIFICATION DIPLOMA IN
**HOTEL MANAGEMENT & CHEF TRAINING**

DEGREE IN B. Voc & BBA
**CATERING & HOTEL MANAGEMENT**

GOODNESS FILM SCHOOL

+91 965 611 7063
+91 952 615 5589
SRM ROAD, PACHALAM, COCHIN

make a difference
De Paul IMD




SPECIAL FEATURE

# ഇതെന്റെ അനുഭവസാക്ഷ്യം

***പീറ്റർ റെമെജിയൂസ് പിതാവുമായി***
***ഫാ. സജിൻ തോമസ് നടത്തിയ അഭിമുഖം***



ഫാ. സജിൻ : അഭിവന്ദ്യ പിതാവേ, കെസിബിസി മീഡിയ കമ്മീഷന്റെ സ്നേഹവന്ദനം. ഈ കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന വത്തിക്കാൻ തരംഗത്തിനുവേണ്ടി അങ്ങയുടെ അനുഭവങ്ങളും ആശയങ്ങളും പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുന്നു. അങ്ങ് കോട്ടാർ രൂപത അദ്ധ്യക്ഷനായിരിക്കുമ്പോഴാണല്ലോ വി. ദേവസഹായത്തിന്റെ നാമകരണവുമായി ബന്ധപ്പെട്ട പ്രധാനസംഭവങ്ങൾ നടക്കുന്നത്. അക്കാര്യങ്ങൾ ഞങ്ങളോട് പങ്കുവയ്ക്കാമോ?

ബിഷപ് : നിങ്ങൾക്ക് എന്റെ സ്നേഹവന്ദനം. എനിക്കുമുമ്പ് കോട്ടാർ രൂപത അദ്ധ്യക്ഷനായിരുന്ന ബിഷപ് ലെയോൺ ധർമരാജന് മുമ്പ് ഈ സ്ഥാനം വഹിച്ചിരുന്ന ആരോഗ്യസാമി പിതാവിന്റെ കാലത്തുതന്നെ നാമകരണത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. യഥാർത്ഥത്തിൽ കുറച്ച് അല്മായരായിരുന്നു ഇക്കാര്യം പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തിയതും നാമകരണത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചതും. ദേവസഹായം പിള്ള കൊല്ലപ്പെട്ടപ്പോൾത്തന്നെ അന്നത്തെ കൊച്ചി മെത്രാൻ ഇതൊരു രക്തസാക്ഷിത്വമാണെന്ന് റോമിലെ അധികാരികളെ അറിയിക്കുകയും വിശദമായ റിപ്പോർട്ട് നല്കുകയും ചെയ്തിരുന്നു.

ബിഷപ് ലെയോൺ ധർമരാജ് നിയമിച്ച പോസ്റ്റുലേറ്റർ നാമകരണനടപടികൾക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുവരികയായിരുന്നു. ഞാൻ കോട്ടാറിൽ മെത്രാനായി ചുമതലയേറ്റശേഷം ഈ നടപടികൾ കൂടുതൽ വേഗത്തിലാക്കാൻ ശ്രമിച്ചു. പരിശുദ്ധാപിതാവിന് കത്തുകളെഴുതുകയും രണ്ടുപ്രാവശ്യം ഇക്കാര്യത്തിനായി റോമിൽ പോകുകയും ചെയ്തിട്ടുണ്ട്. ദേവസഹായം ജനിച്ച് മുന്നൂറാമാണ്ടിൽ അതായത് 2012ൽ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകിട്ടണം എന്ന ആഗ്രഹത്തോടും പ്രാർത്ഥനയോടുമാണ് ഞാൻ പ്രവർത്തിച്ചത്. ദേവസഹായത്തെക്കുറിച്ച് മനസ്സിലാക്കിയ റോമിലെ അധികാരികൾ നാമകരണനടപടികൾ കൂടുതൽ വേഗത്തിലാക്കി. ദൈവത്തിന്റെ വലിയ കൃപയാൽ 2012ൽത്തന്നെ ദേവസഹായത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കാനിടയായി. അതുമായി ബന്ധപ്പെട്ട തിരുക്കർമ്മങ്ങൾ കോട്ടാറിൽ നടന്നപ്പോൾ അഞ്ചു ലക്ഷത്തിലേറെ വിശ്വാസികൾ പങ്കെടുക്കുകയുണ്ടായി. തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയ കർദ്ദിനാൾ അവിടെവച്ചുതന്നെ വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ നിർദേശം നല്കി. ദേവസഹായത്തിന്റെ മാദ്ധ്യസ്ഥ്യത്തിൽ നടന്ന അത്ഭുതകരമായ ഒരു സംഭവം ഞാൻതന്നെ അവർക്കു വിവരിച്ചുകൊടുത്തു.

ഏഴ് മാസം ഗർഭിണിയായിരുന്ന ഒരു അമ്മ ഇവിടെ അടുത്തുള്ള ജയ്ശീലൻ ആശുപത്രിയിൽ ചികിത്സക്കുപോയപ്പോൾ സ്കാനിംഗ് നടത്തിയ ഡോക്ടർമാർ അമ്മയുടെ ഉദരത്തിലെ കുഞ്ഞ് മരിച്ചിരിക്കുന്നതായി കാണുകയും അമ്മ മരിച്ചുപോകാതിരിക്കാൻ സർജ്ജറി നടത്തി ഉദരത്തിൽ മരിച്ചിരിക്കുന്ന കുഞ്ഞിനെ പുറത്തെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ അമ്മയും കൂടെയുണ്ടായിരുന്നവരും ദേവസഹായത്തെ വിളിച്ചു പ്രാർത്ഥിക്കുകയും പുലിയൂർ കുറിച്ചിയിലെ അദ്ദേഹത്തിന്റെ തീർത്ഥാടനകേന്ദ്രത്തിൽനിന്ന് കൊണ്ടുവന്ന വിശുദ്ധ ജലം കുടിക്കുകയും ചെയ്തു. പിന്നീട് ഡോക്ടർമാർ നടത്തിയ പരിശോധനയിൽ ഗർഭസ്ഥശിശുവിന് ജീവനുള്ളതായും അതിന്റെ കാലുകളും തലയും യഥാസ്ഥാനങ്ങളിൽ ആയിരിക്കുന്നതായും കണ്ടെത്തി. സുഖപ്രസവം ലഭിക്കുകയും ചെയ്തു. ഇത് വൈദ്യശാസ്ത്രത്തിന് വിശദീകരിക്കാൻ കഴിയാത്ത ഒരു പ്രതിഭാസമായി ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി. ഈ സംഭവം ദേവസഹായത്തിന്റെ മദ്ധ്യസ്ഥതയിൽ നടന്ന ഒരു അത്ഭുതമായി റോം അംഗീകരിക്കുകയും അദ്ദേഹത്തെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തുന്നതിന് പരിഗണിക്കുകയും ചെയ്തു.

ഫാ. സജിൻ : ദേവസഹായം വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തപ്പെടുമ്പോൾ ഈ നാട്ടിലും വിശ്വാസികളുടെ ഇടയിലും എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പിതാവ് പ്രതീക്ഷിക്കുന്നത്?

ബിഷപ് : ദേവസഹായം ഒരു രക്തസാക്ഷിയാകുന്നതിന് കാരണമായിത്തീർന്നത് ഇവിടെ നിലനിന്നിരുന്ന ജാതി വ്യവസ്ഥയാണ്. മേൽജാതിക്കാരനായിരുന്ന അദ്ദേഹം കീഴ്ജാതിക്കാരായിരുന്നവരെ സമഭാവനയോടെ സഹോദരരായി പരിഗണിച്ചിരുന്നു. ഇത് ഉൾക്കൊള്ളാൻ കഴിയാതിരുന്നവരാണ് അദ്ദേഹത്തെ പീഡിപ്പിക്കുകയും കൊന്നുകളയുകയും ചെയ്തത്. ഇന്ന് വിശുദ്ധ ദേവസഹായത്തിന്റെ മദ്ധ്യസ്ഥത വഴി നമ്മുടെ നാട്ടിലെ ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

ദേവസഹായം ഒരു സാധാരണ അല്മായനായിരുന്നു. അദ്ദേഹമാണ് ഭാരതത്തിലെ അല്മായനായ ആദ്യവിശുദ്ധൻ. അതിനാൽത്തന്നെ സാധാരണ കുടുംബജീവിതം നയിക്കുന്ന, സ്വന്തം തൊഴിൽചെയ്ത് ജീവിക്കുന്ന ഒരു അല്മായന് വിശ്വസ്തതയോടെ വിശ്വാസത്തിൽവളരാനും അനേകരെ വിശ്വാസത്തിലേക്ക് നയിക്കാനും കഴിയും എന്ന് ഞാൻ കരുതുന്നു. ഇതുവരെയും കോട്ടാർ രൂപതയ്ക്കുള്ളിലായിരുന്നു പ്രധാനമായും ദേവസഹായ

ത്തോടുള്ള ഭക്തി പ്രചരിച്ചിരുന്നത്. എന്നാൽ ഇനിമുതൽ സഭയിലെ ഒരു വിശുദ്ധനെന്ന നിലയിൽ ഭാരതത്തിലെമ്പാടും എന്നല്ല ലോകമൊട്ടുക്കുംതന്നെ അദ്ദേഹം അൾത്താരയിൽ വണങ്ങപ്പെടുകയും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്യും. ഭാരതത്തിനുള്ളിൽത്തന്നെ അല്മായനായ ഒരു വിശുദ്ധൻ എന്ന നിലയിൽ അദ്ദേഹം വഴിയായി കൂടുതൽ കൂടുതൽ ആൾക്കാർ യേശുവിനെ അറിയാനും മാനസാന്തരമുണ്ടായി ധാരാളം പേർ വിശ്വാസത്തിലേക്ക് വരാനും ഇടയാകും.

ഫാ. സജിൻ : പുതിയൊരു വിശുദ്ധനെക്കൂടി നമുക്കു ലഭിച്ചിരിക്കുന്നു. അങ്ങയുടെ അഭിപ്രായത്തിൽ വി. ദേവസഹായത്തോടുള്ള യഥാർത്ഥഭക്തി എപ്രകാരമായിരിക്കണം?


ബിഷപ് : മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുമുമ്പും ദേവസഹായത്തെ ഒരു വിശുദ്ധനായിക്കണ്ടുതന്നെയാണ് എല്ലാവരും വണക്കം നല്കിയിരുന്നതും മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചിരുന്നതും. അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളെല്ലാം ഇപ്പോൾത്തന്നെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രങ്ങളാണ്. ധാരാളം വിശ്വാസികൾ അവിടെ വരികയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. തമിഴിൽ മാത്രമല്ല, വിവിധ ഭാഷകളിൽ അദ്ദേഹത്തെക്കുറിച്ചുള്ള ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് അറിയാനും അദ്ദേഹത്തെ ജീവിതമാതൃകയാക്കാനും അനേകർക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടുള്ള ഭക്തി വിവിധ തരത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. കുരിശടികളും ദേവാലയങ്ങളും അദ്ദേഹത്തിന്റെ നാമത്തിൽ നിർമിക്കപ്പെടുന്നുണ്ട്. നവനാൾ പ്രാർത്ഥനകളും മറ്റ് ഭക്തകർമ്മങ്ങളും പ്രചരിക്കുന്നുണ്ട്. അതിലുപരി അദ്ദേഹത്തിന്റെ ജീവിതം മാതൃകയാക്കി ഉച്ചനീചത്വങ്ങൾ അവസാനിപ്പിച്ച് എല്ലാവരും സമത്വത്തിൽ ജീവിക്കുകയെന്നതാണ് പ്രധാനം. അതിന് അദ്ദേഹത്തോടുള്ള യഥാർത്ഥ ഭക്തി നമ്മെ സഹായിക്കും.

ഫാ. സജിൻ: വി. ദേവസഹായത്തിന്റെ നാമകരണനടപടികളുമായി ഏറ്റവും അടുത്ത് ഇടപെട്ടിട്ടുള്ള വ്യക്തിയാണല്ലോ അങ്ങ്. വിശുദ്ധനുമായുള്ള അങ്ങയുടെ വ്യക്തിപരമായ അനുഭവങ്ങളും ഭക്തിയും പങ്കുവയ്ക്കാമോ?

ബിഷപ് : വി. ദേവസഹായത്തോട് വ്യക്തിപരമായി കൂടുതൽ അടുക്കുവാൻ ഈ നാളുകളിൽ എനിക്ക് സാധിച്ചിട്ടുണ്ട്. നമ്മിലൊരാൾ വിശുദ്ധനായി ഉയർത്തപ്പെടുമ്പോഴുള്ള സന്തോഷവും അഭിമാനവും അനുഭവപ്പെടുന്നുണ്ട്. അദ്ദേഹത്തെപ്പോലെ ഒരു വിശുദ്ധനും രക്തസാക്ഷിയുമാകുവാൻ എനിക്കും ആഗ്രഹമുണ്ട്. അദ്ദേഹത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്ന ഇടങ്ങളിലും കർമ്മങ്ങളിലും പങ്കെടുക്കുവാൻ എനിക്ക് ഏറെ താല്പര്യമുണ്ട്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലുള്ള പ്രാർത്ഥനയിലും ദിവ്യബലിയിലും പങ്കെടുക്കുവാൻ ഞാൻ നിരന്തരം പരിശ്രമിക്കുന്നുണ്ട്. എന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കും എന്റെ ശുശ്രൂഷകളിൽ എന്നെ സഹായിക്കുന്നതിനും വി. ദേവസഹായത്തിന്റെ മാദ്ധ്യസ്ഥ്യം തേടി ഞാൻ പ്രാർത്ഥിക്കുകയും എനിക്ക് ആവശ്യമായ അനുഗ്രഹങ്ങൾ അദ്ദേഹം വഴിയായി ലഭിക്കുകയും ചെയ്യുന്നുണ്ട്. വി. ദേവസഹായത്തോട് എനിക്ക് ഏറെ കൃതജ്ഞതയും കടപ്പാടുമുണ്ട്.

ഫാ. സജിൻ: നന്ദി പിതാവേ, ഇത്രയും കാര്യങ്ങൾ ഞങ്ങളോട് പങ്കുവച്ചതിന് അങ്ങേയ്ക്ക് കൃതജ്ഞത അർപ്പിക്കുന്നു.

ബിഷപ്: ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



വിശുദ്ധ
ദേവസഹായം ദൈവാലയം
ദേവസഹായം നഗർ, ചാവല്ലൂർപൊറ്റ
പാറശ്ശാല ഫൊറോന, നെയ്യാറ്റിൻകര ലത്തീൻ രൂപത
www.stdevasahayamchurchneyyattinkara.com
ലോകത്തിലെ
ആദ്യ
ദൈവാലയം
വിശുദ്ധ ദേവസഹായം ദൈവാലയം റൂട്ട്മാപ്പ്
തിരുവനന്തപുരം
നെയ്യാറ്റിൻകര
കൊറ്റാമം
ഇടിച്ചക്ക
പ്ലാമൂട്
പാറശ്ശാല
കളിയി
ക്കാവിള
പുതുക്കുളം റോഡ്
അഞ്ചാലിക്കോണം
വിശദവിവരങ്ങൾക്ക് : ഫാ.ജോസഫ് അനിൽ (ഇടവക വികാരി) 9446216424



# വിശുദ്ധ ദേവസഹായം: തീർത്ഥാടനകേന്ദ്രങ്ങൾ

SPECIAL FEATURE



**റൈറ്റ് റവ. മോൺ. ജി. ക്രിസ്തുദാസ്**

വികാരിജനറൽ, നെയ്യാറ്റിൻകര

ഹ്രസ്വവും ത്യാഗോജ്ജ്വലവുമായിരുന്ന തെക്കേ ഇന്ത്യയിലെ വി. പൗലോസ് എന്ന് വിളിക്കാവുന്ന ഭാരതത്തിന്റെ പ്രഥമരക്തസാക്ഷിയായ വിശുദ്ധ ദേവസഹായത്തിന്റെ ജീവിതം. സാവൂൾ യഹൂദമത അനുയായി ആയിരുന്നപ്പോൾ യഹൂദമതത്തിന്റെ വിശ്വാസമനുസരിച്ച് അങ്ങേയറ്റം വിശ്വസ്തനായി ജീവിക്കുകയും ക്രൈസ്തവരെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തു. എന്നാൽ, പൗലോസ് എന്ന നാമം സ്വീകരിച്ച് ഒരു ക്രൈസ്തവനായി തീർന്നപ്പോൾ അദ്ദേഹം യേശുവിന്റെ പടയാളിയായി പൂർണമായും മാറി. അതുപോലെ തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിശ്വസ്തനും പ്രധാനഅനുയായിയുമായിരുന്നു നീലകണ്ഠപിള്ള. തിരുവിതാംകൂറിനുവേണ്ടി ജീവിതം സമർപ്പിച്ചയാൾ. എന്നാൽ ഒരു ക്രൈസ്തവനായി മാറിയപ്പോൾ യേശുവിനുവേണ്ടി തന്റെ ജീവിതം സമ്പൂർണമായി സമർപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതവും പീഡാസഹനവും മരണവുമായി ബന്ധപ്പെട്ട നാല് സ്ഥലങ്ങൾ ഇന്ന് വളരെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളാണ്.

നട്ടാലം

മാർത്താണ്ഡത്തുനിന്ന് കരിങ്കലേക്ക് പോകുന്ന വഴിയിൽ 5 കിലോമീറ്റർ യാത്ര ചെയ്യുമ്പോൾ വിശുദ്ധ ദേവസഹായം ജനിച്ച് വളർന്ന നട്ടാലം എന്ന സ്ഥലത്ത് എത്താവുന്നതാണ്. അവിടെ റോഡിന് വലതുഭാഗത്തായി വിശുദ്ധ ദേവസഹായത്തിന്റെ ഒരു മ്യൂസിയം സ്ഥിതിചെയ്യുന്നു. അതിന്റെ മദ്ധ്യേ, നാമാവശേഷമായ അദ്ദേഹത്തിന്റെ കുടുംബവീടിന്റെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്. റോഡിന് ഇടതുഭാഗത്തായി വിശുദ്ധ

ദേവസഹായത്തിന്റെ നാമധേയത്തിലുള്ള ദേവാലയം ഉണ്ട്.

.

പുലിയൂർകുറിച്ചിയിലെ മുട്ടിടിച്ചാൻപാറ

മാർത്താണ്ഡത്തുനിന്ന് കന്യാകുമാരിക്കുപോകുന്ന വഴിയിൽ 18 കിലോമീറ്റർ യാത്ര ചെയ്താൽ പുലിയൂർക്കുറിച്ചിയിൽ റോഡിന് ഇടതുഭാഗത്തായി വിശുദ്ധ മിഖായേൽ മാലാഖയുടെ നാമധേയത്തിലുള്ള ദേവാലയം കാണാം. അതിനടുത്തായി ഒരു പാറയും അതിൽനിന്ന് ഉത്ഭവിച്ചുവരുന്ന നീരുറവയും കാണാവുന്നതാണ്. കത്തോലിക്കനായി മാറിയ ദേവസഹായത്തെ പീഡിപ്പിച്ച് ഈ സ്ഥലത്ത് ഉപേക്ഷിച്ചപ്പോൾ ദാഹിച്ചുവലഞ്ഞ അദ്ദേഹം പാറമേൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. അവിടെനിന്ന് അത്ഭുതകരമായി നീരുറവ പൊട്ടിപ്പുറപ്പെട്ട് അദ്ദേഹത്തിന്റെ ദാഹം ശമിപ്പിച്ചു. ആ നീരുറവയിൽനിന്നും ഇപ്പോഴും വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ വെള്ളം ഉപയോഗിക്കുന്നതിലൂടെ വിശ്വാസികളുടെ രോഗത്തിന് ശമനം ഉണ്ടാകുന്നു.

കാറ്റാടിമല

നാഗർകോവിലിൽനിന്ന് തിരുനൽവേലി പോകുന്ന വഴിയിൽ പതിനഞ്ച് കിലോമീറ്റർ യാത്ര ചെയ്താൽ ഇപ്പോഴും അധികം ആളുകൾ താമസമില്ലാത്ത കാറ്റാടിമലയിൽ എത്തിച്ചേരാവുന്നതാണ്. അവിടെ വച്ചാണ് ദേവസഹായത്തെ മാർത്താണ്ഡവർമ്മയുടെ പട്ടാളം വെടിവച്ച് കൊന്നത്. ദേവസഹായത്തെ വെടിവച്ചിട്ട സ്ഥലത്ത് ഒരു കുരിശ് സ്ഥാപിച്ചിട്ടുണ്ട്. അതിനുമുകളിലായി പാറയിൽ ഒരു അത്ഭുതമരം ദേവസഹായത്തെ വെടിവച്ചതിനുമുമ്പുതന്നെ വളർന്നു നിൽപ്പുണ്ട്. ഇപ്പോഴും ആ മരം പാറയിൽ തളിർത്തു നില്ക്കുന്നു. അതിനു മുകൾഭാഗത്തായി മണിയൊച്ചയുണ്ടാക്കുന്ന വലിയൊരു പാറ വീണുകിടപ്പുണ്ട്. വിജനമായ കാട്ടിനുള്ളിൽ ദേവസഹായത്തെ വെടിവച്ചിട്ടപ്പോൾ ഈ പാറ അടർന്നു വീഴുകയും വലിയൊരു മണിയൊച്ച ഉണ്ടാക്കി ഗ്രാമവാസികളെ ഉണർത്തുകയും ചെയ്തു. ഇപ്പോഴും ഈ വലിയ പാറയിൽനിന്ന് മണിനാദം കേൾക്കാവുന്നതാണ്.

വി. ദേവസഹായത്തിന്റെ കബറിടം

നാഗർകോവിലിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ നാമധേയത്തിൽ കോട്ടാർ രൂപതയുടെ കത്തീഡ്രൽ ദൈവാലയം ഉണ്ട്. ഇവിടെ ദൈവാലയത്തിന്റെ മധ്യഭാഗത്ത് അൾത്താരക്കുമുന്നിലായി അത്ഭുതപ്രവർത്തകനും രക്തസാക്ഷിയുമായ വിശുദ്ധ ദേവസഹായംപിള്ള വിശ്രമം കൊള്ളുന്നു. കാറ്റാടിമലയിൽ ദേവസഹായത്തെ വെടിവച്ചു കൊന്നശേഷം പട്ടാളക്കാർ മൃതദേഹം അവിടെത്തന്നെ ഉപേക്ഷിച്ചുപോന്നു. എന്നാൽ പാറ പൊട്ടിവീണ് മണിനാദം കേട്ടുണർന്ന ഗ്രാമവാസികൾ പിറ്റേദിവസം കാറ്റാടിമലയിൽ മൃതദേഹം കണ്ടെത്തുകയും സഭാധികാരികളെ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് ദേവസഹായത്തിന്റെ മൃതദേഹം കോട്ടാറിലെ വി. ഫ്രാൻസിസ് സേവ്യർ ദേവാലയത്തിലേക്ക് കൊണ്ടുവരികയും വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ച് ദേവാലയപരിസരത്തുതന്നെ സംസ്കരിക്കുകയും ചെയ്തു. വിശ്വാസികളുടെ പ്രാർത്ഥനകൾക്ക് ദേവസഹായത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി നിരവധിയായ ദൈവാനുഗ്രഹങ്ങൾ ലഭിച്ചുതുടങ്ങിയപ്പോൾ ദൈവാലയം നവീകരിക്കുകയും ദേവസഹായത്തിന്റെ ഭൗതീക അവശിഷ്ടങ്ങൾ ദൈവാലയത്തിനുള്ളിൽ അൾത്താരക്കുമുമ്പിൽ സംസ്കരിക്കുകയും ചെയ്തു.



ആശംസകളോടെ
വിശുദ്ധ ദേവസഹായത്തിന്റെ പാദസ്പർശത്താലും
പ്രേക്ഷിത വൃത്തിയാലും ധന്യമായ
കമുകിൻകോട്
വിശുദ്ധ അന്തോണീസ്
തീർത്ഥാടന ദേവാലയം
(തെക്കിന്റെ കൊച്ചുപാദുവ)
നെയ്യാറ്റിൻകര ലത്തീൻ രൂപത
തീർത്ഥാടന തിരുനാൾ
2023 ഫെബ്രുവരി 7 മുതൽ 19 വരെ
വിശുദ്ധ ദേവസഹായം തിരുനാൾ
2013 ജനുവരി 14 മുതൽ 17 വരെ
കമുകിൻകോട് ബൈബിൾ കൺവെൻഷൻ
2022 ഡിസംബർ 26 മുതൽ 30 വരെ

# വി. ദേവസഹായത്തിന്റെ പേരിലുള്ള ലോകത്തിലെ ആദ്യത്തെ ദൈവാലയം

SPECIAL FEATURE

**വെരി റവ. ഫാ. ജോസഫ് അനിൽ**
ഇടവകവികാരി, ചാവല്ലൂർ പൊറ്റ



ഇന്ത്യയിലെ ആദ്യത്തെ അല്മായ രക്തസാക്ഷിയായ വിശുദ്ധ ദേവസഹായത്തിന്റെ പേരിലുള്ള ലോകത്തിലെ ആദ്യത്തെ ദൈവാലയം നെയ്യാറ്റിൻകര ലത്തീൻ രൂപതയിലെ പാറശ്ശാല ഫൊറോനയിൽ ചെങ്കൽ പഞ്ചായത്തിലെ ആറയൂർ ദേശത്ത് ചാവല്ലൂർ പൊറ്റയിൽ 2014 ജനുവരി 14-ന് വി. ദേവസഹായത്തിന്റെ രക്തസാക്ഷിത്വദിനത്തിൽ സ്ഥാപിതമായി.

പൊൻവിള സെന്റ്. വിൻസെന്റ് ഡീപോൾ ഇടവകയിൽ ഉൾപ്പെട്ട ഒറ്റപ്പെട്ട ഭൂപ്രദേശം ആയിരുന്നു ചാവല്ലൂർ പൊറ്റ. വിശ്വാസ തീക്ഷ്ണതയിൽ അടിയുറച്ച 75 ഓളം കത്തോലിക്കാ കുടുംബങ്ങളുള്ള പ്രദേശം. പൊൻവിളയിലെ ഇടവകപ്പള്ളിയിൽ എത്താനുള്ള ദൂരക്കൂടുതൽകൊണ്ടും മറ്റ് കാരണങ്ങളാലും ഈ പ്രദേശത്തെ മിക്ക വിശ്വാസികളും ദിവ്യബലിക്ക് മുടങ്ങുന്നു എന്ന് മനസ്സിലാക്കി അന്നത്തെ ഇടവക വികാരി റവ. ഫാ.റോബർട്ട് വിൻസെന്റ് ചാവല്ലൂർ പൊറ്റയിലെ എല്ലാ ഭവനങ്ങളും അടിയന്തിരമായി സന്ദർശിച്ച് സ്ഥിതിഗതികൾ മനസിലാക്കി. ഈ പ്രദേശത്ത് ഒരു ദൈവാലയം സ്ഥാപിക്കണം എന്ന ആവശ്യം വിശ്വാസികളിൽ നിന്ന് ശക്തമായി വന്നു . അത് മനസ്സിലാക്കിയ അച്ചൻ പൊൻവിള ഇടവകയുടെ പാരിഷ് കൗൺസിൽ യോഗത്തിൽ ഇക്കാര്യം അവതരിപ്പിച്ചു. ദൈവകൃപയിൽ ആശ്രയിച്ച് എല്ലാവരുടെയും സഹകരണത്തോടെ ദൈവാലയനിർമാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ചാവല്ലൂർ പൊറ്റ സ്വദേശിയായ ശ്രീ. വിൽസൺ തന്റെ ഭൂമിയിൽ നിന്നും 7 സെന്റ് സ്ഥലം ദൈവാലയം സ്ഥാപിക്കാൻ ദാനമായി നൽകി. തുടർന്ന് റോബർട്ട് അച്ചന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിൽ ഇടവക വിശ്വാസികളുടെ സഹായത്തോടെ 22 ദിവസങ്ങൾ കൊണ്ട് ദേവാലത്തിന്റെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി. സ്ഥലപരിമിതിയിലാണ് പള്ളി സ്ഥിതി ചെയ്യുന്നതെങ്കിലും കൊടിമരം, മണിമേട, ദേവസഹായം പിള്ളയുടെ ഗ്രോട്ടോ എന്നിവയെല്ലാം ചുരുങ്ങിയ കാലം കൊണ്ട് നിർമ്മിച്ചു . 2014 നവംബർ 21-ന് നെയ്യാറ്റിൻകര രൂപതയുടെ വികാരി ജനറൽ മോൺ.ജി.ക്രിസ്തുദാസിന്റെ പരിശ്രമഫലമായി ദേവസഹായംപിള്ളയുടെ തിരുശേഷിപ്പ് പൊതുവണക്കത്തിനായി പള്ളിയിൽ സ്ഥാപിച്ചു.

നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ വി. ദേവസഹായത്തിന്റെ നാമത്തിലുള്ള ലോകത്തിലെ ആദ്യ ദേവാലയം വിശ്വാസികൾക്കായി തുറന്നു. ചാവല്ലൂർ പൊറ്റയിൽ പുതിയ സൂര്യപ്രകാശം ആണ് ഉണ്ടായത്.



SPECIAL FEATURE

# കമുകിൻകോട് ദേവാലയത്തിലെ മഹാനേർച്ചയായ രക്തദാന നേർച്ച



**മനു എസ്. എസ്.**

രക്തസാക്ഷി ദേവസഹായത്തിനെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയതിനുശേഷം കമുകിൻകോട് ദേവാലയത്തിൽ ആരംഭിച്ച അതിവിശിഷ്ടമായ നേർച്ചയാണ് രക്തദാനനേർച്ച. ഉദ്ദിഷ്ടകാര്യങ്ങൾക്ക് ഉപകാരസ്മരണയായി മറ്റുനേർച്ചകൾക്കൊപ്പം രക്തദാന നേർച്ചയും ഇടംപിടിച്ചു. മറ്റൊരു ആരാധനാലയത്തിലും ഇല്ലാത്ത സവിശേഷമായ ഈ നേർച്ചയിൽ നൂറുകണക്കിനുപേർ മുടങ്ങാതെ പങ്കുകൊണ്ടിരുന്നു. മെഡിക്കൽകോളേജ്, ആർ.സി.സി, ശ്രീചിത്ര തുടങ്ങിയ ഗവൺമെന്റ് ആശുപത്രികളിലേക്കാണ് മാസംതോറും ഈ നേർച്ചയിലൂടെ വിശ്വാസികൾ രക്തം ദാനംചെയ്തുവരുന്നത്. അപരന്റെ ജീവൻ രക്ഷിക്കാനുതകുന്ന ഈ മഹാനേർച്ചക്ക് ഏറെ ശ്ളാഘനീയമായ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് കാലഘത്തിൽ മുടങ്ങിയ ഈ നേർച്ച ഈയിടെ പുനരാരംഭിച്ചു. കൗതുകകരവും മഹനീയവുമായ ഈ നേർച്ച കമുകിൻകോടിന്റെ മാത്രം സവിശേഷതയാണ്.

വിശുദ്ധ രക്തസാക്ഷി ദേവസഹായം വിശുദ്ധരുടെ ഗണത്തിലേക്ക് ഉയരുമ്പോൾ തെക്കൻ കേരളത്തിലെ ഒരു ഗ്രാമം അഭിമാനംകൊള്ളുകയാണ്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര പട്ടണത്തിന് സമീപമുള്ള കമുകിൻകോട് ദേവാലയം വിശുദ്ധ അന്തോനീസിന്റെ നാമധേയത്തിലുള്ള പ്രശസ്തമായ തീർത്ഥാടനകേന്ദ്രമാണ്. നെയ്യാറ്റിൻകര ദേശത്ത് അനന്യമായ സാംസ്കാരിക സവിശേഷതകളുള്ള കമുകിൻകോട് പ്രദേശം. ഹൈന്ദവ സംസ്കാര പശ്ചാത്തലത്തിൽ മൂന്നു നൂറ്റാണ്ടുമുമ്പ് അടിയുറച്ച ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഈ പ്രദേശം സവിശേഷ സമന്വയങ്ങളുടെ പ്രതിഭാസമായി



നിലകൊള്ളുന്നു. തിരുവിതാംകൂറിന്റെ ഉൾനാട്ടുകളിൽ ക്രിസ്തുമത പ്രചാരണം നടത്തിയ നേമം മിഷനുമായി ബന്ധപ്പെട്ട ചരിത്രമാണ് കമുകിൻകോട് ഇടവകയ്ക്കുള്ളത്. തിരുവിതാംകൂറിന്റെ ഉൾനാട്ടുകളിൽ 18–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സുവിശേഷവെളിച്ചമെത്തിച്ച ഈശോസഭാ പ്രസ്ഥാനമായ നേമം മിഷന്റെ രണ്ടാമത്തെ ആസ്ഥാനവും രക്തസാക്ഷി ദേവസഹായംപിള്ളയുടെ പ്രേഷിതപ്രവർത്തനങ്ങളാൽ ധന്യവുമാണ് ഈ ഗ്രാമം.

ദേവസഹായംപിള്ളയും കമുകിൻകോടും

കമുകിൻകോട് കത്തോലിക്ക പള്ളിയുടെ ഉത്ഭവത്തെപ്പറ്റിയുള്ള പാരമ്പര്യം ദേവസഹായംപിള്ളയുമായി ബന്ധപ്പെടുത്തി ഇപ്രകാരം വിവരിക്കുന്നു. ദൂരെ ദേശത്തുനിന്നും രണ്ട് നായർ സ്ത്രീകൾ കമുകിൻകോട് എത്തുകയും ഇവിടെ ഒരു ഓലപ്പുരയിൽ അവർ പാർത്തുവരുകയും ചെയ്തു. അവർ പാർത്തിരുന്ന ഓലപ്പുര അടുത്ത വീട്ടിലെ സ്ത്രീകൾ ദിവസവും വിളക്കുവച്ച് സംരക്ഷിച്ചുപോന്നു. 1741 ൽ മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിലുണ്ടായ കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡിലനോയിയെ മാർത്താണ്ഡവർമ്മ പിന്നീട് തന്റെ സൈന്യത്തിന്റെ വലിയകപ്പിത്താനായി നിയമിച്ചു. ഡിലനോയിയിൽ നിന്നും ബൈബിൾ വായിച്ച് മനപരിവർത്തനം വന്ന സൈനികനായ നീലകണ്ഠപിള്ള ദേവസഹായംപിള്ള എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുമത പ്രചാരണം നടത്തിയെന്നും അദ്ദേഹം മുമ്പുപറഞ്ഞ ഓലപ്പുരയിൽ വിശുദ്ധ അന്തോനീസിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു എന്നുമാണ് വിശ്വാസ പാരമ്പര്യം.

കമുകിൻകോട്ടുകാർ തലമുറകൾക്കു മുമ്പേ ആരംഭിച്ച ഒരു പതിവാണ് വർഷംതോറും ആഗസ്റ്റ് 14–ാം തീയതി നടത്തുന്ന വടക്കൻകുളം തീർത്ഥാടനം. ഈ പതിവിന് ഇന്നും മാറ്റമില്ല. വടക്കൻകുളം ഒരു മരിയൻ തീർത്ഥാടനകേന്ദ്രമാണ്. നാഗർകോവിൽ പട്ടണത്തിൽ നിന്ന് മുപ്പത് കിലോമീറ്ററോളം അകലെ സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിന് ഇന്നും അത്രവലിയ പരിഷ്കാരങ്ങളൊന്നും ഉണ്ടായിട്ടില്ല. ആഗസ്റ്റ് 14 ന് വടക്കൻകുളത്ത് തിരുനാളിനോടനുബന്ധിച്ച് അർദ്ധരാത്രി എഴുന്നള്ളത്ത് ആരംഭിക്കുന്ന പരിശുദ്ധ മാതാവിന്റെ തേര് ദർശിക്കാൻ അവിടെ പള്ളിയങ്കണത്തിൽ വന്നുകൂടുന്ന മലയാളികളിൽ കമുകിൻകോട്ടുകാരാണ് ബഹുഭൂരിപക്ഷവും.



# കേരളസഭയിൽ ഇനി നവീകരണ കാലഘട്ടം

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി



ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

കെസിബിസിയുടെ മൺസൂൺകാല സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 നായിരുന്നു പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ കേരള സഭാ നവീകരണ കാലഘട്ടം ഉദ്ഘാടനകർമ്മം ദിവ്യബലിയോടെയാണ് നടന്നത്. 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾ വരെയാണ് നവീകരണകാലഘട്ടം.

കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു.
കേരളസഭാ നവീകരണ മേഖലകൾ, കൂട്ടായ്മയിലേക്കുള്ള മാനസാന്തരം, പ്രാർത്ഥനാജീവിതം

വിശ്വാസപരിശീലനം, അന്തരഞ്ജന മേഖലകൾ, ദരിദ്രരുടെ സഭ, പ്രേഷിത മാനസാന്ത രം
വൈദിക–സന്ന്യസ്ത പ്രേഷിതത്വം, കുടുംബ പ്രേഷിത ശുശ്രൂഷ, അല്മായ പ്രേഷിതത്വവും പങ്കാളിത്തവും
യുവജനശുശ്രൂഷ, പരിസ്ഥിതിപരമായ മാനസാന്തരം, സംവാദത്തിന്റെ മേഖലകൾ
കേരളസഭാ നവീകരണ നടപടികൾ
കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്.
സംസ്ഥാന–രൂപത–ഇടവക–കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ–ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26ന് ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.

# കേരള കത്തോലിക്കാ മെത്രാൻ സമിതി

# കേരള സഭാനവീകരണം 2022 – 2025

"സഭ : ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം"

**2022 ജൂൺ 5 പന്തക്കുസ്താ മുതൽ**
**2025 ജൂൺ 8 പന്തക്കുസ്താ വരെ**

**പിഒസി, പാലാരിവട്ടം**

# DO YOU WANT TO STUDY IN A CATHOLIC AUTONOMOUS ENGINEERING COLLEGE OUTSIDE KERALA?

# ST. VINCENT PALLOTTI

## COLLEGE OF ENGINEERING & TECHNOLOGY, NAGPUR

**Run by Pallottine Fathers**

**Accredited by NAAC with 'A' Grade**

**AN AUTONOMOUS INSTITUTION**

### Advantage Pallotti

- *Academic Excellence with Tech Pallottines bagging more than 30% of university ranks annually*
- *Excellent placement records (more than 70% for 2022 batch), tie up with reputed industries like TCS*
- *Green campus and infrastructure*
- *On campus hostel facilities for boys and girls run directly by the Fathers and sisters respectively.*

### Advantage Nagpur

- *Fastest growing Indian city with excellent infrastructure.*
- *Centrally located and well connected by road, rail and air*
- *Hub of many internationally reputed industries including TCS, Infosys, Wipro, HCL, Tech Mahindra and many others*
- *Huge employment opportunities*
- *One of the cleanest, greenest and safest cities.*

## PROGRAMS OFFERED

### B.Tech

- ***Computer Engineering***
- ***Information Technology***
- ***Computer Science Engineering (Data Science)***
- ***Computer Science Engineering (Cyber Security)****
- ***Computer Science and Business Systems****
- ***Industrial IoT****
- ***Artificial Intelligence***
- ***Electronics and Telecommunication Engineering***
- ***Mechanical Engineering***
- ***Electrical Engineering***
- ***Civil Engineering***

### B.VOC

- ***Cyber security***
- ***Software Development***
- ***Industrial IOT**** 
- ***Web and Mobile app Development****

## ELIGIBILITY CRITERIA

1) 12th board with Physics Chemistry and Maths
2) Non zero score in JEE/ MHT CET examinations.

* *Subject to the AICTE and DTE approvals*

**UPTO 50% MINORITY MERIT SCHOLARSHIPS**




**JEE (Main) 2022 Session 2 Registration is Live: www.jeemain.nta.nic.in**

**FOR MORE INFORMATION**
Visit us at www.stvincentngp.edu.in

**FOR ADMISSIONS CONTACT**
FR. PAUL CHANDRANKUNNEL **9370396015 | 7743979315**



# പരിശുദ്ധാരൂപി: സുവിശേഷം ഹൃദയങ്ങളിലേക്ക് കടത്തിവിടുന്ന ശക്തി

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



പെന്തക്കുസ്ത തിരുന്നാൾ ദിനമായ ജൂൺ 5 ന് ഫ്രാൻസിസ് പാപ്പ വി.യോഹന്നാന്റെ സുവിശേഷത്തിൽ 14: 15 –16; 23–26 ഭാഗങ്ങൾ ഉദ്ധരിച്ച് പരിശുദ്ധാത്മാവ് സുവിശേഷത്തെ കൂടുതൽ പഠിപ്പിക്കുകയും ഓർമ്മിപ്പിക്കുകയും സുവിശേഷത്തെ നമ്മുടെ ഹൃദയങ്ങളിലേക്ക് കൂടുതൽ കടത്തി വിടുകയും ചെയ്യുന്ന ശക്തിയാണ് എന്ന് പ്രബോധിപ്പിച്ചു. പരിശുദ്ധാത്മാവ് ചെയ്യുന്നത് ക്രിസ്തു പറഞ്ഞത് പഠിപ്പിക്കുകയും ഓർമ്മിപ്പിക്കുകയുമാണ്.

പരിശുദ്ധാത്മാവിന്റെ  ഈ രണ്ട് പ്രവൃത്തികളെ കുറിച്ചാണ് പരി. പിതാവ് ഫ്രാൻസീസ് പാപ്പ ലളിത സുന്ദരമായി വിശദീകരിച്ചത്.

ആത്യന്തികമായി പറഞ്ഞാൽ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്ന അദ്ധ്യാപകനാണ് എന്നാണ് പാപ്പാ പറയുന്നത്. വിശ്വാസാനുഭവത്തിൽ പ്രകടമാകുന്ന പ്രതിബന്ധത്തെ മറികടക്കാൻ നമ്മെ സഹായിക്കുന്നതാണ് പരിശുദ്ധാത്മാവ്. ഈ പ്രതിബന്ധം ദൂരം ആണ്. വിശ്വാസാനുഭവത്തിൽ ദൂരം അഥവാ അകലം എന്ന തടസ്സം തരണം ചെയ്യാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. ഒരു പക്ഷേ ഇന്ന് സുവിശേഷത്തിനും ദൈനംദിന ജീവിതത്തിനും ഇടയിൽ ഒരുപാട് അകലമുണ്ടോ എന്നുള്ള സംശയം ഉയർന്നേക്കാം. യേശു രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചു. അന്ന് വ്യത്യസ്ത കാലഘട്ടമായിരുന്നു. ഭിന്ന സാഹചര്യങ്ങളായിരുന്നു. അതിനാൽ സുവിശേഷം കാലഹരണപ്പെട്ടതായി പറയുന്നവരുണ്ട്. ഇന്നിന്റെ  ആവശ്യങ്ങളോടും പ്രശ്നങ്ങളോടും കൂടെ നമ്മുടെ ഈ കാലഘട്ടത്തോട് സംസാരിക്കാൻ അത്  അപര്യാപ്തമാണെന്ന് തോന്നുന്നവരുണ്ട്. നമ്മുടെ മുമ്പിലുള്ള വെല്ലുവിളി ഗൗരവമേറിയതാണ്: ഇന്നത്തെ ഇൻററനെറ്റിന്റെ യുഗത്തിൽ,

ആഗോള വൽക്കരണത്തിന്റെ കാലഘട്ടത്തിൽ സുവിശേഷത്തിന് എന്ത് പറയാൻ സാധിക്കും ? സുവിശേഷ വചനത്തിന് എന്തു സ്വാധീനം ചെലുത്താനാകും? ഇവിടെയാണ് പരിശുദ്ധാത്മാവ് അകലം കുറയ്ക്കുന്ന ശക്തിയാകുന്നത്.
ദൂരങ്ങളെ മറികടക്കാൻ പഠിപ്പിക്കുന്നവനാണ് പരിശുദ്ധാത്മാവ്. യേശുവിന്റെ പ്രബോധനങ്ങളെ എല്ലാ കാലങ്ങളുമായും എല്ലാ വ്യക്തികളുമായും ബന്ധിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. പാപ്പാ പറയുന്നത് ക്രിസ്തു വചനങ്ങൾ ജീവസുറ്റതാക്കുന്നത് പരിശുദ്ധാത്മാവാണ് എന്നാണ്. പരിശുദ്ധാത്മാവ് വി. ഗ്രന്ഥത്തിലൂടെ നമ്മോട് സംസാരിക്കുകയും നമ്മെ നയിക്കുകയും ചെയ്യുന്നു. വിശ്വാസത്തെ ചെറുപ്പമായി നിർത്തുന്നത് പരിശുദ്ധാത്മാവാണ്. വിശ്വാസികളെ അവരുടെ കാലത്തെ പ്രശ്നങ്ങളിലും സംഭവങ്ങളിലും ശ്രദ്ധയുള്ളവരാക്കുന്നു. വിശ്വാസത്തെ പ്രദർശന വസ്തുവാക്കി മാറ്റുന്ന അപകട സാദ്ധ്യത ഇന്നുണ്ട്. അത് വലിയ അപകടമാണ്. എന്നാൽ പരിശുദ്ധാത്മാവാണ് വിശ്വാസത്തെ കാലോചിതമാക്കുന്നത് എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.

ഓർമ്മിക്കുക എന്നതിനർത്ഥം ഹൃദയത്തിലേക്ക് തിരികെ കൊണ്ടുവരിക എന്നാണ്. പരിശുദ്ധാത്മപി സുവിശേഷം നമ്മുടെ ഹൃദയത്തിലേക്ക് തിരികെ കൊണ്ടു വരുന്നു. അപ്പസ്തോലന്മാരുടെ കാര്യത്തിൽ സംഭവിച്ചതു പോലെയാണിത്. ശിഷ്യർ പലതവണ യേശുവിനെ ശ്രവിച്ചിരുന്നു. എന്നിട്ടും അവർ അവനെ വേണ്ടത്ര മനസിലാക്കിയിരുന്നില്ല. നമുക്കും അതു തന്നെ സംഭവിക്കുന്നു. എന്നാൽ പെന്തക്കോസ്ത മുതൽ പരിശുദ്ധാത്മാവിനാൽ അവർ ഓർക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. തങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയവയെന്ന പോലെ ആ വാക്കുകളെ അവർ സ്വാഗതം ചെയ്യുന്നു. കൂടാതെ ബാഹ്യമായ അറിവിൽ നിന്ന്, ഓർമ്മയെ കുറിച്ചുള്ളതായ ഒരു അറിവിൽ നിന്ന്, ജീവൻ തുടിക്കുന്ന ബന്ധത്തിലേക്ക്, കർത്താവുമായുള്ള ബോദ്ധ്യദായകവും സന്തോഷകരവുമായ ബന്ധത്തിലേക്ക് കടക്കുന്നു. "പറഞ്ഞു കേട്ടവ" എന്നതിൽ നിന്ന് ഈശോയെ കുറിച്ചുള്ള വ്യക്തിപരമായ അറിവിലേക്ക് ഹൃദയത്തെ കടത്തുന്നത് ആത്മാവാണ്. അങ്ങനെ ആത്മാവ് നമ്മുടെ ജീവിതത്തെ മാറ്റുന്നു.
ഈശോയെ കുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്ന പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ വിശ്വാസം വിസ്മൃതിയിലാകും. ഈശോയുടെ സ്നേഹം മറന്ന് സംശയത്തിലേക്കും ഭയത്തിലേക്കും വീഴുന്നവരാണോ നാം. സുവിശേഷം മറക്കുന്ന ക്രിസ്ത്യാനികൾ ആകാതിരിക്കാൻ
ഈ ആത്മാവിനായ് നമുക്ക് വിളിച്ചപേക്ഷിക്കാം.
പ്രാർത്ഥിക്കാം:
"പരിശുദ്ധാത്മാവേ വരൂ,
ഈശോയെ കുറിച്ച് ഓർമ്മിപ്പിക്കൂ,
എന്റെ ഹൃദയത്തെ പ്രബുദ്ധമാക്കൂ."
ഇങ്ങിനെ പല പ്രാവശ്യം പ്രാർത്ഥിച്ച് നമുക്ക് വി.ഗ്രന്ഥം തുറന്ന് ഒരു ചെറിയ ഭാഗം സാവധാനം വായിക്കാം. പരി. ആത്മാവ് അതിനെ നമ്മുടെ ജീവിതത്തോട് സംസാരിക്കുന്നതാക്കും. തീർച്ച. പരിശുദ്ധാത്മപൂരിതയായ കന്യകാമറിയം ഈശോയോട് പ്രാർത്ഥിക്കാനും ദൈവവചനത്തെ സ്വാഗതം ചെയ്യാനും ഉള്ള അഭിവാഞ്ച നമ്മിൽ ജ്വലിപ്പിക്കട്ടെ.



# മറക്കരുത് ക്രിസ്തുവിൽ നാം തുല്യരാണ്



***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 8

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

നമ്മൾ വിശ്വാസത്തെ, നമ്മുടെ വിശ്വാസത്തെ അധികരിച്ചുള്ള അഗാധമനനം, വിശുദ്ധ പൗലോസ് ഗലാത്യക്കാർക്കെഴുതിയ കത്തിന്റെ വെളിച്ചത്തിൽ തുടരുകയാണ്. ദൈവം ആ ക്രൈസ്തവരെ അറിയിച്ച വെളിപാടിന്റെ പുതുമ വിസ്മരിക്കാതിരിക്കുന്നതിന് അപ്പോസ്തലൻ അവരെ നിർബന്ധിക്കുന്നു. സുവിശേഷകനായ യോഹന്നാനോടുള്ള (1 യോഹന്നാൻ 3:1–2) പൂർണ്ണ ഐക്യത്തിൽ, പൗലോസ് ഊന്നിപ്പറയുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ യഥാർത്ഥത്തിൽ ദൈവമക്കളും അവിടത്തെ അവകാശികളുമാകാൻ അനുവദിച്ചിരിക്കുന്നു എന്നാണ്. ക്രിസ്ത്യാനികളായ നമ്മളാകട്ടെ നാം ദൈവത്തിൻറെ മക്കളാണെന്ന ഈ യാഥാർത്ഥ്യം പലപ്പോഴും നിസ്സാരമായി കാണുന്നു. നേരെമറിച്ച്,, നമുക്ക് ലഭിച്ച മഹത്തായ ദാനം കൂടുതൽ അവബോധത്തോടെ ജീവിക്കുന്നതിനായി, നാം ദൈവമക്കളായിത്തീർന്ന നിമിഷം, നമ്മുടെ മാമ്മോദീസാ സദാ കൃതജ്ഞതയോടെ സ്മരണയിൽ സൂക്ഷിക്കുന്നത് നല്ലതാണ്. ഇന്ന് ഞാൻ നിങ്ങളോട് ചോദിച്ചാൽ, "നിങ്ങളിൽ എത്ര പേർക്ക് നിങ്ങളുടെ സ്വന്തം മാമ്മോദീസയുടെ തീയതി അറിയാം?" ഒരുപാട് കൈകൾ ഉയരുമെന്ന് ഞാൻ കരുതുന്നില്ല. എന്നിരുന്നാലും, നമ്മൾ രക്ഷിക്കപ്പെട്ട തീയതിയാണ്, നമ്മൾ ദൈവത്തിന്റെ മക്കളായിത്തീർന്ന തീയതിയാണ്. അത് അറിയാത്തവർ അവരുടെ മാതാ പിതാക്കളോടും , ബന്ധുക്കളോടും ചോദിക്കണം: 'ഞാൻ എപ്പോഴാണ് സ്നാനമേറ്റത്'? എല്ലാ വർഷവും ആ തീയതി ഓർമ്മിക്കേണ്ടതാണ്: നമ്മൾ ദൈവത്തിന്റെ മക്കളായ ദിവസമാണ്. നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? നിങ്ങൾ ഇത് ചെയ്യുമോ? [ഉത്തരം: അതെ!] ഇത് ആത്മാർത്ഥമായ 'അതെ' ആണോ? . നമുക്ക് മുന്നോട്ട് പോകാം ...

വാസ്തവത്തിൽ, ഒരിക്കൽ, യേശുക്രിസ്തുവിലുള്ള 'വിശ്വാസം സമാഗതമായി'ക്കഴിഞ്ഞാൽ (ഗലാത്തിയർ: 3,25), ദൈവിക പുത്രത്വത്തിലേക്ക് നയിക്കുന്ന മൗലികമായ പുതിയ ഒരവസ്ഥ സംജാതമാക്കപ്പെടുന്നു. പൗലോസ് പരാമർശിക്കുന്ന പുത്രത്വം ഇനിമുതൽ, ഏക സ്രഷ്ടാവിന്റെ പുത്രന്മാരും പുത്രിമാരുമെന്ന നിലയിലുള്ള സകല സ്ത്രീപുരുഷന്മാരെയും ആശ്ലേഷിക്കുന്ന പൊതുവായ ഒന്നല്ല. അല്ല. 'ക്രിസ്തുവിൽ' (ഗലാത്തിയർ:3,26) ദൈവമക്കളാകാൻ വിശ്വാസം നമ്മെ അനുവദിക്കുന്നുവെന്ന് നാം ഇപ്പോൾ

വായിച്ചുകേട്ട ഭാഗത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. ഇതാണ് പുതുമ. ഈ 'ക്രിസ്തുവിൽ' എന്നതാണ് വ്യതിരിക്തത. എല്ലാ പുരുഷന്മാരും സ്ത്രീകളും, അവർ സ്വീകരിക്കുന്ന മതം പരിഗണിക്കാതെ, അവരെല്ലാവരും, ദൈവത്തിന്റെ മക്കളാണ്. എല്ലാവരേയും പോലെ, നാം ദൈവമക്കൾ മാത്രമല്ല, അല്ല. ഈ 'ക്രിസ്തുവിൽ' എന്നതാണ് ക്രിസ്ത്യാനിയുടെ വ്യതിരിക്തത. ക്രിസ്തുവിന്റെ വീണ്ടെടുപ്പിലെ പങ്കാളിത്തത്തിലും, നമ്മിൽ മാമ്മോദീസ എന്ന കൂദാശയിലും മാത്രമാണ് ഇത് സംഭവിക്കുന്നത്: ഇങ്ങനെയാണ് ഇത് ആരംഭിക്കുന്നത്. തന്റെ മനുഷ്യാവതാരത്തോടെ അവിടന്ന് നമ്മുടെ സഹോദരനായിത്തീർന്നു, തന്റെ മരണവും പുനരുത്ഥാനവും വഴി അവിടന്ന് നമ്മെ പിതാവുമായി അനുരഞ്ജിതരാക്കി. ക്രിസ്തുവിനെ വിശ്വാസത്തിൽ സ്വീകരിക്കുന്നവൻ മാമ്മോദീസാ വഴി അവിടന്നിനാലും പുത്രമാഹാത്മ്യത്താലും 'ആവരണം ചെയ്യപ്പെടുന്നു' (ഗലാത്തിയർ: 3,27).

വിശുദ്ധ പൗലോസ് തന്റെ കത്തുകളിൽ പലവുരു മാമ്മോദീസായെക്കുറിച്ച് പരാമർശിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ജ്ഞാനസ്നാനം സ്വീകരിക്കുന്നത് യേശുരഹസ്യത്തിൽ ഫലപ്രദവും യഥാർത്ഥവുമായ വിധത്തിൽ പങ്കുചേരുന്നതിന് സമാനമാണ്. നാം ക്രിസ്തുവിനോടുകൂടെ ജീവിക്കേണ്ടതിന്, നാം മാമ്മോദീസായിൽ, അവിടത്തോടൊപ്പം മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തുവെന്നു പോലും റോമാക്കാർക്കുള്ള കത്തിൽ അദ്ദേഹം പറയുന്നു (റോമാ, 6:3–14).: ക്രിസ്തുവിനൊപ്പം ജീവിക്കേണ്ടതിന്, ക്രിസ്തുവിനൊടൊപ്പം മരിച്ചു, അവിടത്തോടൊപ്പം സംസ്കരിക്കപ്പെട്ടു. ഇത് മാമ്മോദീസയുടെ കൃപാവരമാണ്: യേശുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പങ്കെടുക്കുന്നു. അതിനാൽ, ജ്ഞാനസ്നാനം വെറുമൊരു ബാഹ്യ ആചാരമല്ല. അത് സ്വീകരിക്കുന്നവർ ഏറ്റവും അഗാധമായി രൂപാന്തരപ്പെടുകയും ഒരു പുതിയ ജീവിതം സ്വന്തമാക്കുകയും ചെയ്യുന്നു, അത് ദൈവോന്മുഖരാകാനും ദൈവത്തെ 'അബ്ബാ, അതായത്, 'പിതാവ്"എന്നല്ല 'അപ്പാ ' എന്ന് വിളിക്കാനും അനുവദിക്കുന്നു ( ഗലാത്തിയർ,4:6).

മാമ്മോദീസാ വഴി സ്വീകരിക്കുന്നത് വർഗ്ഗ–മത തലത്തിലുള്ള വ്യത്യാസങ്ങളെ മറികടക്കുന്ന ഒരു പുതിയ സ്വത്വമാണെന്ന് അപ്പോസ്തലൻ വളരെ ധൈര്യത്തോടെ പ്രഖ്യാപിക്കുന്നു: 'യഹൂദനോ ഗ്രീക്കുകാരനോ ഇല്ല'; കൂടാതെ സാമൂഹികമായതലത്തിലാകട്ടെ: 'അടിമയോ സ്വതന്ത്രനോ ഇല്ല; ആണും പെണ്ണും ഇല്ല'(ഗലാത്തിയർ,3:28). ഈ പദപ്രയോഗങ്ങളിൽ അന്തർലീനമായിരിക്കുന്ന വിപ്ലവകരമായ മൂല്യം ഉൾക്കൊള്ളാതെ നാം അത് വളരെ വേഗത്തിൽ വായിക്കുന്നു. ക്രിസ്തുവിൽ 'യഹൂദനോ ഗ്രീക്കുകാരനോ ഇല്ല' എന്ന് ഗലാത്യക്കാർക്ക് എഴുതുന്നത്, പൗലോസിനെ സംബന്ധിച്ചിടത്തോളം, വംശീയ–മത മേഖലയിലെ ആധികാരിക അട്ടിമറിക്ക് തുല്യമാണ്. യഹൂദൻ, തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ ഉൾപ്പെടുന്നു എന്ന വസ്തുതയാൽത്തന്നെ, പുറജാതീയരെക്കാൾ (റോമ 2:17–20) സവിശേഷാവകാശങ്ങൾ ഉള്ളവരായിരുന്നു. ഇത്, പൗലോസ് തന്നെ സ്ഥിരീകരിക്കുന്നു (റോമാ,9:4–5). അതിനാൽ, അപ്പോസ്തലന്റെ ഈ പുതിയ പ്രബോധനം ഒരു പാഷണ്ഡതയായി തോന്നുന്നതിൽ അതിശയിക്കാനില്ല. 'എന്താ, എല്ലാവരും തുല്യരാണോ? നമ്മൾ വ്യത്യസ്തരാണ്!' ഇത് അൽപ്പം പാഷണ്ഡതയായി തോന്നുന്നു, അല്ലേ? 'സ്വതന്ത്രരും', 'അടിമകളും' തമ്മിലുള്ളതായ രണ്ടാമത്തെതായ സമാനത പോലും ക്ഷോഭജനക പരിപ്രേക്ഷ്യത്തിന് വഴി തുറക്കുന്നു. പുരാതന സമൂഹത്തിൽ, അടിമകളും സ്വതന്ത്ര പൗരന്മാരും തമ്മിലുള്ള വ്യത്യാസം അത്യന്താപേക്ഷിതമായിരുന്നു. സ്വതന്ത്ര പൗരന്മാർ എല്ലാ അവകാശങ്ങളും ആസ്വദിച്ചു, അതേസമയം അടിമകളുടെ മാനവാന്തസ്സ് പോലും അംഗീകരിക്കപ്പെട്ടിരുന്നില്ല.ഇന്നും ഇത് സംഭവിക്കുന്നു. ലോകത്ത് ധാരാളം ആളുകൾ ഉണ്ട്, ധാരാളം, ദശലക്ഷക്കണക്കിന്, ഭക്ഷണം കഴിക്കാൻ അവകാശമില്ല, വിദ്യാഭ്യാസത്തിന് അവകാശമില്ല, ജോലി ചെയ്യാൻ അവകാശമില്ല എല്ലാവരും അവരെ ചൂഷണം ചെയ്യുന്നു. ഇന്നും അടിമത്തമുണ്ട്. നമുക്ക് ഇതിനെക്കുറിച്ച് അൽപ്പം

ചിന്തിക്കാം. നാം അവരുടെ മാനവാന്തസ്സ് നിഷേധിക്കുകയാണ്. അങ്ങനെ, ഒടുവിൽ, അക്കാലഘട്ടത്തിലെ വിപ്ലവകരമായ, ഇന്നും പുനഃസ്ഥിരീകരിക്കേണ്ട സ്ത്രീപുരുഷ സമത്വം പ്രഖ്യാപിച്ചുകൊണ്ട്, ക്രിസ്തുവിലുള്ള സമത്വത്താൽ, രണ്ട് ലിംഗങ്ങൾ തമ്മിലുള്ള സാമൂഹിക വ്യത്യാസത്തെ മറികടന്നു. സ്ത്രീകളെ അപമാനിക്കുന്ന പദപ്രയോഗങ്ങൾ നമ്മൾ എത്ര തവണ കേൾക്കുന്നു! ഒന്നും ചെയ്യരുത്, അതൊക്കെ സ്ത്രീകളുടെ ആശങ്ക കളാണ്". പക്ഷേ, നോക്കൂ, പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേ അന്തസ്സുണ്ട്. ചരിത്രത്തിൽ അത് സംഭവിച്ചിട്ടുണ്ട്, ഇന്നും സ്ത്രീകൾ അടിമകളാക്കപ്പെടുന്നു. പുരുഷന്മാർക്കുള്ള അതേ അവസരങ്ങൾ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. പൗലോസിന്റെ വാക്കുകൾ നാം വായിക്ക ണം: യേശുക്രിസ്തുവിൽ നാം തുല്യരാണ്.

ആകയാൽ, സഹോദരീസഹോദരന്മാരേ, ദൈവവുമായുള്ള പുത്രത്വത്തിൽ അതിന്റെ അടിസ്ഥാനപരമായ ആവിഷ്കാരം കണ്ടെത്തുന്ന ഒരു പുതിയ ജീവിതം നയിക്കാൻ കൂടുതൽ ക്രിയാത്മകമായ രീതിയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു .നമ്മൾ ദൈവമക്ക ളായതിനാൽ നമ്മൾ തുല്യരാണ്, യേശുക്രിസ്തു നമ്മെ വീണ്ടെടുക്കുകയും ഈ മാന്യത മാമ്മോദീസയിലൂടെ നൽകപ്പെടുകയും ചെയ്തതിനാൽ നമ്മൾ ദൈവത്തിന്റെ മക്ക ളാണ്. നമ്മെ വിമോചിച്ച ക്രിസ്തുവിൽ ചേർക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തിന്റെ മക്കളായിരിക്കുന്നതിന്റെയും പരസ്പരം സഹോദരീസഹോദരന്മാരാകുന്നതിന്റെയും മനോഹാരിത വീണ്ടും കണ്ടെത്തേണ്ടത് ഇന്ന് നമുക്കെല്ലാവർക്കും നിർണ്ണായകമാണ്. വേർതിരിവിന് കാരണമാകുന്ന വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളും ക്രിസ്തുവിൽ വിശ്വാ സികളായിരിക്കുന്നവരിൽ കുടിയിരിക്കാൻ പാടില്ല. യാക്കോബ് എഴുതിയ ലേഖനത്തിൽ അപ്പോസ്തലൻ പറയുന്നു; "പക്ഷപാതത്തെക്കുറിച്ച് അറിഞ്ഞിരിക്കുക, കാരണം അത് ശരിയല്ല ,നിങ്ങളുടെ സംഘത്തിലേക്ക്(അതായത് കുർബാനയിൽ) സ്വർണമോതി രമണിഞ്ഞു മോടിയുള്ള വസ്ത്രം ധരിച്ചഒരുവൻ പ്രവേശിക്കുമ്പോൾ നിങ്ങൾ പറയുന്നു : `ഇവിടെ വരൂ, ഇവിടെ വരൂ,` നിങ്ങൾ അവനെ ആദ്യം ഇരിക്കാൻ പ്രേരിപ്പിക്കുന്നു. എന്നാൽ വളരെ പാവപ്പെട്ടഒരുവൻ, നല്ലതല്ലാത്ത വസ്ത്രം ധരിച്ച് പ്രവേശിക്കുമ്പോൾ, അയാൾ ദരിദ്രൻ, ദരിദ്രൻ, ദരിദ്രൻ എന്ന് കണ്ടിട്ട് നിങ്ങൾ പറയുന്നു, 'ഓ, അതെ, നി ങ്ങൾക്ക് പുറകിൽ പോകാം'.'"

നമ്മൾ ഈ വ്യത്യാസങ്ങൾ, പലപ്പോഴും, അബോധപൂർവ്വം( unconsciousely) ഉണ്ടാ ക്കുന്നു. ഇല്ല, ഞങ്ങൾ തുല്യരാണ്. മറിച്ച്, മാനവരാശിയുടെ മുഴുവൻ ഐക്യത്തിനുള്ള ആഹ്വാനം സമൂർത്തവും സുവ്യക്തവുമാക്കുകയാണ് നമ്മുടെ വിളി. ( CONC. ECUM. VAT. II, Const. Lumen gentium, 1). പലപ്പോഴും വിവേചനം സൃഷ്ടിച്ചുകൊണ്ട് ജനങ്ങൾക്കി ടയിൽ വിത്യാസങ്ങളെ തീവ്രതരമാക്കുന്ന യാതൊന്നിനും, ക്രിസ്തുവിൽ പൂർത്തിയാക്ക പ്പെട്ട പരിത്രാണത്തിന്റെ ശക്തിയാൽ, ദൈവമുമ്പാകെ പ്രസക്തിയില്ല. പരിശുദ്ധാത്മാ വ് കാട്ടിത്തരുന്ന ഐക്യത്തിന്റെ പാത പിന്തുടർന്ന് പ്രവർത്തിക്കുന്ന വിശ്വാസമാണ് പ്രധാനം. ഈ പാതയിലൂടെ നിശ്ചയദാർഢ്യത്തോടെ നടക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ഈസ മത്വം, യേശു പ്രവർത്തിച്ച വീണ്ടെടുപ്പ് താങ്ങായുള്ളതും അതിനാൽ സാദ്ധ്യമായതുമാണ്. ഉണ്ടാക്കിയതാണ്, മറക്കരുത്: നിങ്ങൾ വീട്ടിൽ തിരികെയെത്തുമ്പോൾ സ്വയം ചോദിക്കുക:'ഞാൻ എപ്പോഴാണ് സ്നാനമേറ്റത്? എന്ന്. എപ്പോഴും ആ തീയതി മനസ്സിൽ ഉണ്ടായിരിക്ക ണം. തീയതിയെത്തുമ്പോൾ അത് ആഘോഷിക്കാൻ സാധിക്കും.



ഗുരു സ്മരണ

# ഇതാ സ്നേഹലാവണ്യത്തിന്റെ മായാചിത്രം

*ഫാ. എഫ്രേം തോമസ് മണിക്കൊമ്പേൽ, എസ്.ജെ.യെക്കുറിച്ച് ...*

**ഫാ. വിൻസന്റ് പെരേപ്പാടൻ** എസ് ജെ



തിരുവനന്തപുരം പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സെന്റ് ജോസഫ്സ് സ്കൂളിന്റെ കളിമുറ്റത്തും ക്ലാസ് മുറികളിലും മൂന്ന പതിറ്റാണ്ടോളം വിദ്യാർത്ഥികൾക്കു പ്രകാശം പരത്തുന്ന ഗുരുവും സ്നേഹസമ്പന്നനായ കൂട്ടുകാരനുമായിരുന്ന അധ്യാപകശ്രേഷ്ഠൻ ഫാദർ എഫ്രേം തോമസ് ഭൂമിയിൽ ഇനിയില്ല. തലമുറകളിൽ പതിഞ്ഞ സ്നേഹലാവണ്യത്തിന്റെ മായാച്ചിത്രമായി മാത്രമേ ഇനി അവരുടെ എഫ്രേമച്ചനുള്ളൂ. നിലയ്ക്കാത്ത പ്രകാശത്തിന്റെ മങ്ങാത്ത ഓർമ്മ.

1971 ലാണ് കണ്ണൂരിൽ നിന്നും ഗണിതാധ്യാപകനായി അദ്ദേഹം തിരുവനന്തപുരത്ത് എത്തിയത്. സൗമ്യതയുടെയും ആദർശധീരതയുടെയും കർമ്മനിരതയുടെയും അച്ചടക്കത്തിന്റെയും ആൾരൂപമായി 1998 വരെ അദ്ദേഹം സെന്റ് ജോസഫ്സിൽ നിറഞ്ഞു നിന്നു. വാക്കുകൾ പോലും ആവശ്യമില്ലാതെ അദ്ദേഹത്തിന്റെ സൗമ്യമായ ഒരു നോട്ടത്തിലൂടെ, ഒരു ആംഗ്യത്തിലൂടെ, ചിലപ്പോൾ ശാസനാസമമായ ഒരു നടത്തത്തിലൂടെ, ശരിയേത് തെറ്റേത്, സ്വീകാര്യമായ പെരുമാറ്റമേത് അസ്വീകാര്യമായതേത് എന്ന് ഓരോ വിദ്യാർത്ഥിക്കും തിരിച്ചറിയാൻ കഴിയുമായിരുന്നു. അഭിമാനബോധമാണ് അനിവാര്യമായ സ്വയം അറിവെന്ന് തിരിച്ചറിഞ്ഞ എഫ്രേമച്ചൻ ഓരോ കുട്ടിയിലും അതു വളർത്തുന്നതിൽ ശ്രദ്ധാലുവായി.

ആറടി ഉയരത്തിൽ നിവർന്നു നടന്ന ഹെഡ് മാസ്റ്ററച്ചന്റെ പദചലനങ്ങൾ ക്ലാസ്സ് മുറികളെ മാത്രമല്ല, സെന്റ് ജോസഫ്സിന്റെ കളിമുറ്റത്തെയും ഉൻമേഷം നിറഞ്ഞതാക്കി. കേരളത്തിലെയെന്നല്ല, ദേശീയ തലത്തിലെ തന്നെ മികച്ച സ്കൂൾ ബാസ്കറ്റ്ബോൾ ടീം സെന്റ് ജോസഫ്സിന്റേതായിരുന്നു. ആ കീർത്തി കാത്തു സൂക്ഷിക്കുവാനെന്നോണം സ്കൂളിൽ ഫാദർ എഫ്രേമിന്റെ പേരിൽ ഒരു ഒരു അഖില കേരള ബാസ്കറ്റ്ബോൾ ടൂർണമെന്റ് ആരംഭിച്ചു. ഇന്നും ആ ടൂർണമെന്റ് സ്കൂളിന്റെ യശസ്സുയർത്തിപ്പിടിച്ച് അഭംഗുരം തുടരുന്നു. ഫാദർ എഫ്രേം ട്രോഫി ഇനി ഒരു ഒരു മഹത്ജീവിതത്തിന്റെ പ്രതീകമായി തുടരും.




# 'ഔർ ലേഡി ഓഫ് അറേബ്യ, ബഹ്റൈൻ'

**ജോബി ബേബി,നഴ്സ്,കുവൈറ്റ്**



മധ്യപൂർവേഷ്യയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ ദേവാലയമാണ് മുസ്ലീം രാജ്യമായ ബഹ്റൈന്റെ തലസ്ഥാനമായ മനാമയിൽ നിന്ന് 20 കിലോമീറ്റർ മാത്രം അകലെയുള്ള അവാലിയിൽ സ്ഥിതി ചെയ്യുന്ന 95,000 ചതുരശ്ര അടിയോളം വരുന്ന ഔർ ലേഡി ഓഫ് അറേബ്യ പള്ളി.2,300 ലധികം വിശ്വാസികളെ ഒരേസമയം ഉൾക്കൊള്ളാൻ കഴിയുന്ന ഈ കത്തീഡ്രലിന്റെ വശങ്ങളിൽ ചാപ്പലുകളും വിശാലമായ പാർക്കിങ് സൗകര്യവുമുണ്ട്. ബഹ്റൈൻ , കുവൈറ്റ്, ഖത്തർ , സൗദി അറേബ്യ എന്നിവ ഉൾപ്പെടുന്ന നോർത്ത് അറേബ്യൻ അപ്പസ്തോലിക് വികാരിയത്തിന്റെ കേന്ദ്രം കൂടിയാണ് ഈ പള്ളി.

അവാലിയിൽ ബഹ്റൈൻ രാജാവ് സമ്മാനിച്ച 9,000 ചതുരശ്ര മീറ്റർ സ്ഥലത്താണ് കത്തീഡ്രലും വികാരിയത്തിന്റെ ആസ്ഥാന കാര്യാലയവും നിർമ്മിക്കുന്നതിന് 2017 ഫെബ്രുവരി 17ന് വടക്കന് അറേബ്യയുടെ മുൻ അപ്പസ്തോലിക് വികാരി ആയിരുന്ന കാലം ചെയ്ത കാമിലിയോ ബല്ലിൻ മെത്രാൻ തുടക്കം കുറിച്ചത്.2013ലെ ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11ന് ആണ് ഔർ ലേഡി ഓഫ് അറേബ്യ കത്തീഡ്രൽ നിർമ്മിക്കുവാൻ തീരുമാനിക്കുന്നതെന്ന് "സി.എൻ.എ" യുടെ ഇറ്റാലിയൻ ഭാഷാ വിഭാഗമായ എ.സി.ഐ സ്റ്റാംപായുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.2014മെയ് 19ന് വത്തിക്കാൻ സന്ദർശന വേളയിൽ നിർമ്മിക്കുവാൻ പോകുന്ന ദേവാലയത്തിന്റെ ഒരു ചെറുമാതൃക സമാധാനവും ഐക്യവും വളർത്തുന്നതിനുള്ള പ്രതിബദ്ധതയുടെ പ്രതീകമായി ബഹ്റൈൻ രാജാവ് ഹമദ് ബിന് ഇസാ അല് ഖലീഫ നേരിട്ട് പാ

ഷ്ടക്ക് സമ്മാനിച്ചിരുന്നു.സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമായ "സമാധാന ദൂതന്റെ മെഡൽ"പാപ്പ രാജാവിന് സമ്മാനിക്കുകയും ചെയ്തു.രാജാവ് കത്തീഡ്രൽ നിർമ്മാണത്തിനായി ഭൂമി നല്കി എന്നറിഞ്ഞ ബിഷപ്പ് കാമിലോ ബല്ലിൻ പുതിയ ദേവാലയം പരിശുദ്ധ കന്യക മാതാവിന്റെ നാമധേയത്തിലായിരിക്കണമെന്ന് തീരുമാനിക്കുകയായിരുന്നു.പ്രായോഗിക തലത്തിൽ, ബഹ്റൈനിൽ താമസിക്കുന്ന വർക്കും സൗദി അറേബ്യയിലെ കത്തോലിക്ക സമൂഹത്തിനും വാരാന്ത്യങ്ങളിൽ ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിയുന്ന സൗകര്യപ്രദമായ ആരാധനാലയം കൂടിയാണിത്. പഴയ നിയമത്തിൽ മോശ ജനങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്ന കൂടാരത്തിന്റെ മാതൃകയിൽ നിർമ്മിച്ചതാണ് കത്തീഡ്രൽ. പരിശുദ്ധ കന്യകാമാതാവിന്റെ ബഹുവർണ്ണത്തിലുള്ള രൂപമാണ് ദേവാലയത്തിലെ പ്രധാന ആകർഷണം.ഉണ്ണിയേശുവിനെ കരങ്ങളിൽ വഹിച്ച് കിരീടമണിഞ്ഞ് സിംഹാസനത്തിൽ ഇരിക്കുന്ന 'ഔർ ലേഡി ഓഫ് അറേബ്യ'യുടെ തിരുരൂപം ഫിലിപ്പൈൻസിൽനിന്നാണ് എത്തിച്ചിരിക്കുന്നത്.കത്തീഡ്രലിന്റെ ഇരു വശത്തും രണ്ട് ചാപ്പലുകളുണ്ട്. ഒന്ന് നിത്യാരാധനാകേന്ദ്രമാണ്. മറ്റൊന്ന്, 'ഔർ ലേഡി ഓഫ് അറേബ്യ'യുടെ തിരുരൂപ പ്രതിഷ്ഠയ്ക്കു വേണ്ടിയും.വിശുദ്ധ ഫ്രാൻസിസ് അസീസി പ്രാർത്ഥിച്ചിരുന്ന,' സാൻ ഡൊമിനോ' ക്രൂശിതരൂപത്തിന്റെ മാതൃകയിലുള്ള കുരിശുരൂപമാണ് കത്തീഡ്രലിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. കത്തീഡ്രലിനുള്ളിലേക്ക് പ്രവേശിക്കുന്നവരെ വരവേൽക്കുംവിധം ചിത്രീകരിച്ചിരിക്കുന്ന മധ്യകാല ശൈലിയിലുള്ള ഐക്കൺ ചിത്രങ്ങളുടെ പരമ്പരയും ശ്രദ്ധേയമാണ്.ത്രിത്വത്തിൽനിന്ന് ആരംഭിക്കുന്ന രക്ഷാകര ചരിത്രവും ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവയും ചിത്രീകരിക്കുന്ന 16 ചിത്രങ്ങളാണ് ഐക്കൺ പരമ്പരയിലുള്ളത്. കൂടാതെ, പരിശുദ്ധ അമ്മയുടെ സ്വർഗാരോഹണവും ഇതിൽ ഉൾപ്പെടും.ബലിപീഠം, ജ്ഞാനസ്നാനത്തൊട്ടി, പീഠങ്ങൾ എന്നിവ ഇറ്റലിയിൽ നിർമിച്ചതാണ്. അഴിച്ചുമാറ്റാൻ പറ്റുംവിധം, അൾത്താരയ്ക്കു മുന്നിൽ സ്ഥാപിച്ച വലിയ ജ്ഞാനസ്നാനത്തൊട്ടിയും സവിശേഷമാണ്.80,000ത്തോളം കത്തോലിക്കാവിശ്വാസികളാണ് ബഹ്റൈനിലുള്ളത്.ഇതിൽ നല്ലൊരു ശതമാനവും ഏഷ്യാക്കാരാണ്.2021നവംബറിൽ പണി പൂർത്തീകരിച്ച ദേവാലയം 2021ഡിസംബർ 10ന് വിശ്വാസികൾക്കായി തുറന്നു കൊടുക്കപ്പെട്ടു.

മിഡിൽ ഈസ്റ്റിലെ സമാധാനപരമായ സഹവർത്തിത്വത്തിലും മതസൗഹാർദത്തിലും പുതിയ അദ്ധ്യായം രചിച്ച ദേവവാലയത്തിന്റെ
ഉദ്ഘാടനം 2021ഡിസംബർ 9ന് നിർവഹിച്ചത് ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഇസാ അൽ ഖലീഫ ആയിരുന്നു. തുടർന്ന് ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാൾ ലൂയിസ് അന്റോണിയോ ടാഗ്ലെയാണ് ഡിസംബർ 10ന് ദേവാലയ വെഞ്ചരിപ്പ് ഖത്തർ,കുവൈറ്റ്,ബഹ്റൈൻ,എന്നിവിടങ്ങളിലെ അപ്പോസ്തോലിക് നൺഷ്യോ ആർച്ച്ബിഷപ്പ് യൂജിൻ ന്യൂജെന്റ്;സതേൺ അറേബ്യവികാരി അപ്പോസ്തോലിക്കയും നോർത്തേൺ അറേബ്യ വികാരി അഡ്മിനുമായ പോൾ ഹിൻഡർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയത്.1948–ലാണ് "അറേബ്യയുടെ പരിശുദ്ധ കന്യാമാതാവ്"എന്ന മാതാവിന്റെ വിശേഷണത്തിന് അംഗീകാരം ലഭിക്കുന്നത്.അതേവർഷം ഡിസംബർ 8ന് കുവൈറ്റിലെ അഹമ്മദിയിൽ നിർമ്മിക്കപ്പെട്ട ചെറിയ ചാപ്പൽ അറേബ്യയുടെ മാതാവിനായി സമർപ്പിക്കപ്പെട്ടു.1957ൽ പീയൂസ് പന്ത്രണ്ടാമൻ പാപ്പ അറേബ്യയുടെ പരിശുദ്ധ കന്യാമാതാവിനെ മേഖലയുടെയും കുവൈറ്റ് അപ്പോസ്തോലിക വികാരിയത്തിന്റേയും മധ്യസ്ഥയായി പ്രഖ്യാപിച്ചു കൊണ്ട് ഡിക്രി പുറത്തുവിട്ടിരുന്നു.2011ൽ ആണ് വത്തിക്കാൻ പരിശുദ്ധ കന്യാമാതാവിനെ അറേബ്യയുടെ വിശുദ്ധയായി പ്രഖ്യാപിക്കുന്നത്.




# ശതാബ്ദി നിറവിൽ കോഴിക്കോട് രൂപത

SPECIAL FEATURE



**ഫാ: സാൻജോസ് അനിൽ**

നൂറു സംവത്സരങ്ങൾ! ദൈവകൃപയുടെ അനേകായിരം ദിനങ്ങൾ, മലബാറിന്റെ മാതൃരൂപത വിശ്വാസ ദീപം കൈമാറിയതിന്റെ സുവർണ്ണ ജൂബിലി. മലബാറിലെ ക്രൈസ്തവ സഭയ്ക്ക് 500 വർഷത്തെ പൗരാണികതയുണ്ട്. 1498 മെയ് 20–ന് വാസ്കോഡ ഗാമ കേരള മണ്ണിൽ എത്തുന്നതോടെ മലബാറിൽ ക്രൈസ്തവ വേരോട്ടത്തിന് തുടക്കം കുറിക്കുന്നു. വാസ്കോഡ ഗാമയോടൊപ്പം എത്തിയ ട്രിനിറ്റേറിയൻ സന്യാസ സഭാംഗമായ പെഡ്രൊ കോവിൽഹാമും മറ്റനേകം മിഷണറിമാരും മലബാറിൽ വിശ്വാസത്തിന്റെ വിത്തുകൾ പാകുന്നു. ധീരതയോടെ ആരംഭിക്കപ്പെട്ട ആ സുവിശേഷ വൽക്കരണത്തിന്റെ ഭാഗമായി 1500–ൽ മലബാറിന്റെ തീരത്ത് വി.അന്ത്രായോസിന്റെ പേരിലുള്ള ആദ്യ ദേവാലയം സ്ഥാപിതമായി. 1549 വി.ഫ്രാൻസീസ് സേവ്യറിന്റെ ആഗമനത്തോടെ മലബാറിലെ സുവിശേഷവൽക്കരണം കൂടുതൽ ശക്തി പ്രാപിച്ചു.

1596–ൽ ഫാ.അന്തോണിയോ ഷിപാനി എസ്.ജെയും, ഫാ. അക്കോസ്റ്റ എസ്.ജെയും ചേർന്ന് കോഴിക്കോട് പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ ഒരു ദേവാലയം സ്ഥാപിച്ചു. മിഷൻ പ്രവർത്തനങ്ങൾ കോഴിക്കോട് ആരംഭം കുറിച്ചു. 1603–ൽ മലബാറിലെ ക്രൈസ്തവ സമൂഹത്തിന്റെ പിതാവായി അറിയപ്പെട്ട ഫാ. ജെയിംസ് ഫെനീച്ചിയോ തന്റെ മിഷൻ പ്രവർത്തനങ്ങൾ കോഴിക്കോട് ആരംഭിച്ചു. 1712–ൽ മലയാള ഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പുണ്യശ്ലോകനായ അർണോസ് പാതിരി ദേവമാതാ കത്തീഡ്രലിൽ വികാരിയായിരുന്നു. മതാത്മക രംഗത്തും, സാമൂഹിക സാംസ്കാ

രിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ആദ്യകാലങ്ങളിൽ മലബാറിലെ മിഷണറി വരേണ്യർ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. 1723–ൽ മയ്യഴി താവളമാക്കി ഫ്രഞ്ച് കത്തോലിക്കരുടെ ആത്മീയ ശുശ്രൂഷയ്ക്കായി പോണ്ടിച്ചേരിയിയിൽ നിന്നും ഫാ.ഡൊമിനിക്ക് ഒ.സി.ഡി മാഹിയിൽ എത്തി. 1736–ൽ വി.അമ്മത്രേസ്യയുടെ നാമധേയത്തിലുള്ള മാഹി ദേവാലയം നിർമ്മിക്കപ്പെട്ടു.

1825–ൽ വൈത്തിരിയിൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച ദേവാലയം വയനാട്ടിലെ ആദിമ ക്രൈസ്തവ ദേവാലയമാണ്. മൈസൂർ രൂപതയിൽ പ്രവർത്തിച്ചിരുന്ന പാരിസ് മിഷൻ സൊസൈറ്റിയിലെ സന്യസ്തർ വൈത്തിരി കേന്ദ്രീകരിച്ച് നടത്തിയ മിഷൻ പ്രവർത്തനം വിശ്വാസ സമൂഹത്തിന്റെ വളർച്ചയ്ക്കും മാനവ സാഹോദര്യത്തിനും, മാതൃകയായി. 1909–ൽ ഫാ.ജെഫ്രീനോ സ്ഥാപിച്ച പള്ളിക്കുന്നിലെ ലൂർദ്ദ് മാതാ ദേവാലയം ഇന്ന് വയനാട്ടിലെ മതാവിന്റെ പ്രശസ്ത തീർത്ഥാടന കേന്ദ്രമാണ്. 1910–ൽ അഭിവന്ദ്യ പോൾ പെരീനി പിതാവ് മംഗലാപുരം രൂപതയുടെ മെത്രാനായി നിയമിതനായി. മലബാറിലെ സഭയുടെ എകോപനത്തിനും പുരോഗതിക്കും പിന്നിൽ ദീർഘദർശിയായ പിതാവിന്റെ കഠിനാദ്ധ്വാനമുണ്ട്. മലബാറിൽ കോഴിക്കോട് രൂപത സ്ഥാപിക്കണമെന്ന് റോമിലേക്ക് അഭ്യർത്ഥിച്ചത് പെരീനി പിതാവാണ്. 1923 ജൂൺ 12–ാം തിയതി പതിനൊന്നാം പിയൂസ് പാപ്പ മലബാർ പ്രാദേശം വേർതിരിച്ചുകൊണ്ട് കോഴിക്കോട് രൂപതയ്ക്ക് ജനനം നൽകുകയും, ബിഷപ്പ് പോൾ പെരീനി എസ്.ജെയെ പ്രഥമ മെത്രാനായി സ്ഥാനമേൽപ്പിക്കുകയും ചെയ്തു.

രൂപതയുടെ മനസ്സറിഞ്ഞ് രൂപതയെ വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും സാംസ്കാരിക–സാമൂഹിക രംഗങ്ങളിൽ മുന്നോട്ടു നയിച്ച ഒരു പിതാവായിരുന്നു ബിഷപ്പ് പെരീനി. 1925–ൽ ബ്രദർ സ്പിനെല്ലി എസ്.ജെയുടെ സഹകരണത്തോടെ തുടങ്ങിയ സെന്റ് വിൻസെന്റ്സ് ഇൻഡസ്ട്രിയൽ തെക്കേ ഇൻഡ്യയിലെ തന്നെ മികച്ച വ്യവസായ ശാലകളിൽ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം 1932 മുതൽ 38 വരെ രൂപതയുടെ ഭരണം അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായി സേവനം അനുഷ്ഠിച്ച മോൺ.ബെഞ്ചമിൻ എം. റംസാനി എസ്.ജെ. നിർവ്വഹിച്ചു.

1938 മാർച്ച് 13ന് കോഴിക്കോട് രൂപതയുടെ ദ്വിതീയ മെത്രനായി റൈറ്റ്.റവ.ഡോ. ലിയോ പ്രൊസർപ്പിയോ എസ്.ജെ അഭിഷിക്തനായി. കേരള സഭയിലെ ഏറ്റവും വലിയ മിഷൻ കേന്ദ്രമായ ചിറക്കൽ മേഖലയിലെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ലിയോ പ്രൊസർപ്പിയോ പിതാവിന്റെ കാലഘട്ടത്തിലാണ്. ചിറക്കൽ മേഖലയിൽ ഫാ പീറ്റർ ആൻഡ്രൂസ് കേറോണി ആരംഭിച്ച മിഷൻ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായവും സഹകരണവും പിതാവ് നൽകുകയുണ്ടായി.

1948–ൽ രൂപതയുടെ മൂന്നാമത്തെ മെത്രാനായി ബിഷപ്പ് ആൽദോ മരിയ പത്രോണി പിതാവ് സ്ഥാനമേൽക്കുന്നു. മലബാറിലെ കുടിയേറ്റ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയ മെത്രനാണ് ബിഷപ്പ് ആൽദോ മരിയ പത്രോണി. സകലർക്കും സദാ സംലഭ്യനായ പത്രോണി മെത്രാനെ ജാതി–മതഭേദമെന്യേ എല്ലാവർക്കും സമാദരണീയനായിരുന്നു.

രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ മാറ്റങ്ങൾ കേരള ലത്തീൻ സഭയ്ക്ക് സംഭാവനയായി നൽകിയത് പത്രോണി പിതാവിന്റെ ആരാധന ക്രമ പരിഷ്കരണത്തിലൂടെയാണ്. 1950–കളിൽ കുടിയേറ്റക്കാരുടെ എണ്ണം എഴുപതിനായിരം കടന്നപ്പോൾ പിൽക്കാലത്ത് മെത്രാനായിരുന്ന മാക്സ്വെൽ പിതാവിന്റെ സഹായത്തോടെ മലബാറിന്റെ ഭൂപടമുണ്ടാക്കുകയും തുടർന്ന് അവരുടെ അദ്ധ്യാത്മിക ആവശ്യങ്ങൾക്കായി കർമ്മലീത്ത വൈദീകരെ ക്ഷണിക്കുകയും ഫാ.സി.കെ.മറ്റത്തിനെ സുറിയാനി ക്രിസ്ത്യാനികളുടെ



എപ്പിസ്കോപ്പൽ വികാരിയാക്കുകയും ചെയ്തു. 1952–ൽ ഫാ.ജോസഫ് എടമരത്തിനെ അജപാലന മേഖലകളിൽ ശ്രദ്ധ കൊടുക്കുവാനായി അവരുടെ വികാരി ജനറലായി നിയമിക്കുകയും ചെയ്തു. പട്രോണി പിതാവിന്റെ പ്രത്യേക ആവശ്യപ്രകാരം റോമിൽ നിന്ന് പൗരസ്ത്യ തിരുസംഘ കർദ്ദിനാൾ യൂജിൻ തിസറാങ്ക് 1953–ൽ മലബാർ സന്ദർശിക്കുകയും പട്രോണി പിതാവിനോട് സീറോ മലബാർ രൂപത സ്ഥാപിക്കുന്നതിന്റെ സാധ്യത തേടുകയും ചെയ്തു. അപ്രകാരം 1953–ൽ ഡിസംബർ 31 ന് പന്ത്രണ്ടാം പിയൂസ് പാപ്പ തലശ്ശേരി രൂപത സ്ഥാപിക്കുകയും ചെയ്തു. 1980 സെപ്റ്റംബർ 7 നാണ് കോഴിക്കോട് രൂപതയുടെ ആദ്യ തദ്ദേശിയ മെത്രാനായി മാക്സ്വെൽ നെറോണ പിതാവ് ചുമതല ഏറ്റെടുക്കുന്നത്. മനാഞ്ചിറ മൈതാനിയിൽ നടത്തപ്പെട്ട മെത്രാഭിഷേക മഹോത്സവം അവിസ്മരണീയമായ ഒരു അനുഭവം തന്നെയായിരുന്നു. 1998 ഡിസംബർ 9–ാം തിയതി കോഴിക്കോട് രൂപത വിഭജിച്ച് കണ്ണൂർ രൂപത നിലവിൽ വന്നു. 2002–ൽ അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവ് രൂപതയുടെ സാരഥ്യം ഏറ്റെടുത്തു. റോമിൽ പുതിയ നിയമനം ലഭിച്ച പിതാവിനെ തുടർന്ന്, മോൺ. വിൻസന്റ് അറക്കൽ 2011 മുതൽ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേൽക്കുകയും രൂപതയെ നയിക്കുകയും ചെയ്തു.

2012–ൽ കോഴിക്കോട് രൂപതയുടെ മെത്രാനായി അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവ് സ്ഥാനമേറ്റെടുത്തു. രൂപതയെ ഏറ്റവും മാതൃകാപരവും വിശ്വാസ ബോധ്യങ്ങളിലൂടെയും സമർപ്പണമനോഭാവത്തോടെയും ഇന്നും നയിക്കുന്നത് വർഗ്ഗീസ് ചക്കാലക്കൽ പിതാവിന്റെ ദീർഘദർശിയായ ചിന്തകളും, ജനകീയമായ ഇടപെടലും, പ്രാർത്ഥനാ ചൈതന്യം കൊണ്ടുമാണ്. സെന്റ് സേവ്യേഴ്സ് കോളേജ് എരഞ്ഞിപ്പാലം, മേരിക്കുന്ന് ദേവാലയം എന്നിവ പിതാവിന്റെ വലിയ പരിശ്രമത്തിന്റെയും നേതൃപാടവത്തിന്റെയും വിജയമാണ്. 2014–ൽ രൂപത വീണ്ടും വിഭജിച്ച് സുൽത്താൻ പേട്ട് രൂപത നിലവിൽ വന്നത് നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ ചക്കാലക്കൽ പിതാവിന്റെ നേതൃത്വത്തിലാണ് നാമിന്ന് ശതാബ്ദിയുടെ നിറവിലേക്ക് പ്രവേശിക്കുന്നത്. 500 വർഷത്തെ പാരമ്പര്യവും, തൊണ്ണൂറ്റി ഒമ്പത് വർഷത്തിന്റെ കൃപയുടെ ദിനങ്ങളെയും അനുസ്മരിക്കുമ്പോൾ, മതാത്മതക്കപ്പുറം മലബാറിന്റെ മണ്ണിൽ സ്നേഹത്തിന്റെ പൈതൃകം തീർക്കാൻ കോഴിക്കോട് രൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ട്.




# മലബാറിന്റെ ഹൃദയവയലുകളിൽ ദൈവസ്നേഹത്തിന്റെ വിത്തെറിഞ്ഞ് 100 വർഷം



കെ. വൈ. ജോർജ്

SPECIAL FEATURE

ഭാരതസഭയുടെ ചരിത്രത്താളുകളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ മലബാറിന്റെ ആദ്യ രൂപതയായ കോഴിക്കോട് രൂപത ശതാബ്ദിയുടെ നിറവിലേക്ക് പ്രവേശിക്കുമ്പോൾ എല്ലാവർക്കും പ്രാർത്ഥനയുടെയും നന്ദിയുടെയും സ്നേഹാശംസകൾ. ദൈവനീതിയുടെ ധീരമായ പ്രവാചകശബ്ദമായി രാജ്യത്തിന്റെയും സഭയുടെയും പ്രത്യേകിച്ച് മലബാറിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക വിദ്യാഭ്യാസ നവോത്ഥാന മുന്നേറ്റങ്ങളെ കർമ്മചൈതന്യംകൊണ്ട് ഉത്കൃഷ്ടമാക്കി, ദൈവിക ശുശ്രൂഷയെ കരുണയുടെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയൊരുക്കി മലബാറിൽ ദൈവവചന പ്രഘോഷണത്തിന് നൂതന ക്രൈസ്തവ സാക്ഷ്യമായിത്തീർന്ന കോഴിക്കോട് രൂപത ശതാബ്ദിയുടെ നിറവിൽ ഇന്ന് ആനന്ദിക്കുകയാണ്. സേവനത്തിന്റെ വഴിത്താരയിൽ നിരവധിയായ ആശുപത്രികൾ, അനാഥാലയങ്ങൾ, ഡിസ്പെൻസറികൾ, വൃദ്ധ മന്ദിരങ്ങൾ എന്നിവയ്ക്ക് തുടക്കമിട്ട് മലബാറിന്റെ മതനിരപേക്ഷമായ സ്നേഹസമൂഹ സൃഷ്ടിക്ക് ആരംഭംകുറിച്ച് ഇന്നും ഒരു സാന്ത്വന സ്പർശമായി പ്രവർത്തിക്കുന്നതിൽ രൂപത അഭിമാനിക്കുന്നു. മലബാർ ജില്ലകളിലെ പ്രമുഖ നഗരങ്ങളിലെ പ്രൗഢിയോടെ നിലകൊള്ളുന്ന പ്രാഥമിക തലം മുതൽ ഉന്നത വിദ്യാഭ്യാസ മേഖല വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സാധാരണ ജനത്തിന് ഉന്നമനത്തിനുവേണ്ടിയുള്ള മറക്കാനാവാത്ത ചവിട്ടുപടികളാണ്. ജീവിത പ്രതിസന്ധിയിലും ഇന്നലെയും ഇന്നും ഈ സ്ഥാപനങ്ങളെയും ഹൃദയത്തോട് ചേർത്ത് നിർത്തുന്ന മലബാറിലെ ഇതര മതസമൂഹങ്ങളെയും ഇവിടെ സ്മരിക്കുന്നു.

തീരദേശ ജനതയുടെ ഉന്നമനവും പ്രത്യേകിച്ച് മത്സ്യബന്ധനം ജീവനോപാധിയാക്കിയ രൂപത സമൂഹത്തിന്റെ ഇന്നത്തെ വളർച്ചയ്ക്ക് സംഭാവനകൾ നൽകിയ പിതാക്കന്മാർ, പ്രോത്സാഹനവും സാന്ത്വനവും നൽകിയ മിഷണറി ശ്രേഷ്ഠന്മാരെയും നമുക്ക് മറക്കാൻ കഴിയുകയില്ല. 2012 മുതൽ കോഴിക്കോട് രൂപതയുടെ അജപാലന ദൗത്യം ഏറ്റെടുത്ത അഭിവന്ദ്യ ഡോ. വർഗ്ഗീസ് ചക്കാലക്കലിന്റെ നേതൃത്വം വിശ്വാസ സംരക്ഷണത്തിന്റെയും സമൂഹ ശാക്തീകരണത്തിന്റെയും പാതകൾക്ക് മാർഗ്ഗദീപം നൽകുന്നതോടൊപ്പം മലബാറിന്റെ മതസൗഹാർദ്ദതയും മതനിരപേക്ഷതയും ഊട്ടിയുറപ്പിച്ച് സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മുന്നേറ്റങ്ങൾക്ക് ദിശാബോധം നൽകുന്നതിൽ ഈ നല്ലിടയന് രൂപതയുടെ പ്രാർത്ഥനകളും പ്രണാമങ്ങളും.



വത്തിക്കാൻ വാർത്തകൾ

# ‘ദൈവം ലോകത്തിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കുകയും നിലനിർത്തുകയും ചെയ്യുന്നു’

നിസ്സംഗതയുടെയും പാഴ്വേലയുടെയും സംസ്കാരത്താൽ സ്വാർത്ഥതയുടെയും വ്യക്തിത്വത്തിന്റെയും വിഷാംശങ്ങളാൽ വിഷലിപ്തമായ ഒരു ലോകത്ത്, ഫ്രാൻസിസ് മാർപാപ്പ കുടുംബത്തിന്റെ സൗന്ദര്യത്തെ പുകഴ്ത്തുകയും "ഇന്ന് എന്നത്തേക്കാളും കൂടുതൽ" അതിനെ പ്രതിരോധിക്കാൻ ഞങ്ങൾ നിർബന്ധിതരാണെന്ന് പറയുകയും ചെയ്തു.

“കുടുംബസ്നേഹം : ഒരു തൊഴിലും വിശുദ്ധിയിലേക്കുള്ള പാതയും” എന്ന വിഷയത്തിൽ വത്തിക്കാനിൽ നടന്ന പത്താം ലോക കുടുംബയോഗത്തിന്റെ സമാപനത്തിൽ ശനിയാഴ്ച നടന്ന കൃതജ്ഞതാബലിയിൽ പ്രസംഗിക്കുകയായിരുന്നു പാപ്പ .

ദികാസ്റ്ററി ഫോർ ലെയ്റ്റി, ഫാമിലി ആൻഡ് ലൈഫ് സംഘടിപ്പിച്ച അഞ്ച് ദിവസത്തെ പരിപാടി ഞായറാഴ്ച സമാപിച്ചു.

കുടുംബങ്ങളുടെ ലോക മീറ്റിംഗിൽ നടന്ന അവരുടെ സമ്പന്നമായ അനുഭവങ്ങളും പദ്ധതികളും സ്വപ്നങ്ങളും ആശങ്കകളും അനിശ്ചിതത്വങ്ങളുമുള്ള പ്രതിഫലനത്തിന്റെയും പങ്കിടലിന്റെയും നിമിഷങ്ങളെ അദ്ദേഹം വിവരിച്ചു, അതിനെ "ഒരുതരം വലിയ നക്ഷത്രസമൂഹം" എന്ന് വിശേഷിപ്പിച്ചു. അവിടെയുണ്ടായിരുന്ന എല്ലാവരോടും അദ്ദേഹം പറഞ്ഞു: "അച്ഛന്മാരും അമ്മമാരും കുട്ടികളും, മുത്തശ്ശിമാരും, അമ്മാവന്മാരും അമ്മായിമാരും, മുതിർന്നവരും കുട്ടികളും, ചെറുപ്പക്കാരും പ്രായമായവരും," ഓരോരുത്തരും കുടുംബത്തിന്റെ വ്യത്യസ്ത അനുഭവങ്ങൾ നൽകുന്നു, എന്നാൽ ഒരു പ്രതീക്ഷയോടെയും പ്രാർത്ഥനയോടെയും.

"ദൈവം നിങ്ങളുടെ കുടുംബങ്ങളെയും ലോകത്തിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കുകയും നിലനിർത്തുകയും ചെയ്യട്ടെ." പാപ്പ പറഞ്ഞു.



# മാർപാപ്പ: 'കായേനിന്റെയും ആബേലിന്റെയും നാടകം യുക്രെയ്നിൽ അരങ്ങേറുന്നു'

മധ്യേഷ്യയിലുടനീളമുള്ള ക്രിസ്ത്യാനികൾക്ക് സഹായവും സഹായവും നൽകുന്ന സഭാ സംഘടനയായ ROACO യുടെ പ്രതിനിധികളെ ഫ്രാൻസിസ് മാർപാപ്പ അഭിസംബോധന ചെയ്യുന്നു, സംഘർഷങ്ങളുടെ കാട്ടിൽ സമാധാനത്തിന്റെ പാതകൾ ഇടം കണ്ടെത്തുന്നതിനായി പ്രാർത്ഥനയും ഉപവാസവും സഹായവും പ്രവർത്തനവും നിർത്തരുതെന്ന് അവരെ ആഹ്വാനം ചെയ്തു. വത്തിക്കാനിൽ പ്ലീനറി അസംബ്ലിക്കായി ഒത്തുകൂടിയ റോക്കോ അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ROACO എന്നാൽ ഓറിയന്റൽ ചർച്ചുകൾക്കായുള്ള എയ്ഡ് ഏജൻസികളുടെ റീയൂണിയൻ എന്നാണ് അർത്ഥമാക്കുന്നത്, ഇത് മിഡിൽ ഈസ്റ്റിലെ ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ ആരാധനാലയങ്ങൾ, പഠനം, സ്കോളർഷിപ്പുകൾ, സാമൂഹികവും ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളും പോലുള്ള സേവനങ്ങൾ നൽകുന്നതിന് ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ നിന്നുള്ള ഫണ്ടിംഗ് ഏജൻസികളെ ഒന്നിപ്പിക്കുന്നു.

ആയുധങ്ങൾ ചർച്ചകൾക്ക് വഴിമാറട്ടെ "ടിഗ്രേയിൽ നിന്ന് എത്യോപ്യയെയും ഭാഗികമായി അയൽരാജ്യമായ എറിത്രിയയെയും വീണ്ടും മുറിവേൽപ്പിച്ചത്" സംഘർഷം അനുഭവിക്കുന്നവരോട് ROACO അംഗങ്ങൾ കാണിച്ച ശ്രദ്ധയും കരുതലും മാർപ്പാപ്പ അംഗീകരിച്ചു, കൂടാതെ "പ്രിയപ്പെട്ടതും പീഡിപ്പിക്കപ്പെട്ടതുമായ ഉക്രെയ്നിൽ" നിന്ന് അഭയാർത്ഥികളെ സ്വീകരിച്ച രാജ്യങ്ങൾക്ക് അദ്ദേഹം നന്ദി പറഞ്ഞു.

"അവിടെ ഞങ്ങൾ കയീനിന്റെയും ആബേലിന്റെയും നാടകത്തിലേക്ക് മടങ്ങി."

ഉക്രെയ്നിൽ, അദ്ദേഹം പറഞ്ഞു, "ജീവൻ നശിപ്പിക്കുന്ന അക്രമം അഴിച്ചുവിട്ടിരിക്കുന്നു, ഭ്രാന്തമായ, പൈശാചികമായ അക്രമം, അതിനോട് പ്രാർത്ഥനയുടെ ശക്തിയോടെ, ജീവകാരുണ്യത്തിന്റെ മൂർത്തമായ സഹായത്തോടെ, എല്ലാ ക്രിസ്ത്യാനികളും ആയുധങ്ങൾ ഉപയോഗിച്ച് പ്രതികരിക്കാൻ ഞങ്ങൾ വിളിക്കപ്പെടുന്നു. ചർച്ചകൾക്ക് വഴി നൽകുക." പാപ്പ പറഞ്ഞു.



വാർത്തയും ചിന്തയും

# പരിസ്ഥിതി ദിനാചരണമോ : ജൂണിലുമുണ്ടേ "ഏപ്രിൽ ഫൂൾ!"

**ആന്റണി ചടയംമുറി**

**വാർത്ത**


മലിനീകരണം മൂലം ഏറ്റവും കൂടുതൽ പേർ മരിക്കുന്നത് ഇന്ത്യയിലാണ്. രണ്ടാം സ്ഥാനം ചൈനയ്ക്കും. 2019–ൽ ലോകമൊട്ടാകെ മലിനീകരണം മൂലം 90 ലക്ഷം പേർ മരിച്ചതായി കണക്കാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഇതേ പട്ടികയിൽ ഉള്ളത് 23.6 ലക്ഷം പേരുടെ മരണമാണ്.

കൊച്ചി നഗരത്തിൽ ഏറ്റവും കൂടുതൽ വായുമലിനീകരണമുള്ളത് വൈറ്റിലയിലാണ്. പണ്ട് ഏറ്റവും കൂടുതൽ വായുമലിനീകരണമുണ്ടായിരുന്ന ഏലൂർ ഉദ്യോഗമണ്ഡലിൽ ഇപ്പോൾ ഏറ്റവും കുറവ് വായുമലിനീകരണമാണുള്ളത്.

ജൂൺ 5 ന് പരിസ്ഥിതിദിനം കടന്നുപോകുമ്പോൾ ഈ കണക്കെല്ലാം നാം ഓർമ്മിക്കണം. നമ്മുടെ എയർകണ്ടീഷൻ ചെയ്ത വീടുകളും, നാം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുമെല്ലാം കേരളത്തിന്റെയും കേരളീയരുടെയും ആരോഗ്യം കാർന്നുതിന്നുന്നുണ്ടെന്നും വരും തലമുറകൾക്ക് ഈ നാടിന്റെ ഹരിത സൗഭാഗ്യം കൈമാറേണ്ടതുണ്ടെന്നുമുള്ള കാര്യം മറക്കല്ലേ

**ചിന്ത**

എനിക്ക് നിന്റെ നാടു കാണണം. ഇന്ത്യയുടെ ഒട്ടുമുക്കാലും ഭാഗങ്ങൾ കണ്ടിട്ടുണ്ട്. യൂറോപ്പും തെക്കു കിഴക്കേഷ്യയും സിലോണും കണ്ടിട്ടുണ്ട്. കേരളം കാണണം. എന്റെ ഗ്രാമത്തിൽ പച്ചനിറത്തിനു കുളിർമയില്ല.
**എം.ടി. വാസുദേവൻ നായർ** (മഞ്ഞ് – പേജ് 20)





100 YEARS OF GRACE
DIOCESE OF CALICUT

## കോഴിക്കോട് രൂപത

# ശതാബ്ദി ആഘോഷം

1923 ജൂൺ 12-ന് സ്ഥാപിതമായ മലബാറിന്റെ മാതൃരൂപത 99 വർഷങ്ങൾ പിന്നിട്ട് ശതാബ്ദി ആഘോഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. വിശുദ്ധരുടെയും മിഷനറിമാരുടെയും പാദസ്പർശമേറ്റ മലബാറിന്റെ മണ്ണിൽ തഴച്ചുവളർന്ന് കോഴിക്കോട് രൂപത കൃപകളുടെ 100 വർഷങ്ങൾ പിന്നിടുമ്പോൾ ദൈവത്തിന് നന്ദി അർപ്പിക്കുവാൻ നമുക്കണിചേരാം. 2022 ജൂൺ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് കോഴിക്കോട് നഗരത്തിലെ സെന്റ് ജോസഫ്സ് ദേവാലയാങ്കണത്തിൽ വരാപ്പുഴ അതിരൂപതാമെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി വചനസന്ദേശം നൽകുകയും തുടർന്ന് നടക്കുന്ന പൊതുസമ്മേളനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യുന്നു. ഈ ആഘോഷത്തിലേയ്ക്ക് എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ**
വൈദികർ, സന്യസ്തർ, അല്മായർ
കോഴിക്കോട് രൂപത



**VATHICAN THARANGAM**
**RN 55178/94**
**Total Pages 44 Date of Publication 27-06-2022**




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.